# സഹ്യനാദം

Vol. 12 No. 4 April 2015


C. 15

## സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2015 മാർച്ച് അഞ്ച്, ആറ്, ഏഴ് തീയതികളിൽ ഞാൻ ബഹറിനിലെ സീറോ മലബാർ വിശ്വാസികളെ സന്ദർശിക്കുന്നതിനു പോയിരുന്നു. കൂരിയാ ചാൻസലർ ആന്റണി കൊള്ളന്നൂർ അച്ചനും, റിജു വെളിയിൽ അച്ചനും എന്നോടൊപ്പം വന്നിരുന്നു. ഗൾഫിലെ ഒരു ചെറു രാജ്യമാണ് ബഹറിൻ. കൂടിവന്നാൽ കേരളത്തിലെ എറണാകുളം ഡിസ്ട്രിക്ടിന്റെ വലുപ്പം മാത്രമേ ഈ രാജ്യത്തിനുള്ളൂ. രാജഭരണമാണ് ഇവിടെ നിലവിലുള്ളത്. ഷെയ്ഖ് ഹമദ് ബിൻ ഈസാ അൽ ഖലീഫാ രാജാവിന്റെ ഭരണത്തിൻ കീഴിൽ തദ്ദേശികളും വിദേശികളും പൂർണ്ണമായ സ്വാതന്ത്ര്യത്തിൽ കഴിയുന്നു. എല്ലാവർക്കും ആരാധനാലയങ്ങളുണ്ട്. വടക്കേ അറേബ്യയിലെ വികാരി അപ്പസ്തോലിക്കാ ആയ ബിഷപ് കമിലോ ബല്ലിന്റെ അജപാലനാധികാരത്തിൻ കീഴിലാണ് കത്തോലിക്കാവിശ്വാസികൾ തങ്ങളുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾ സാധിച്ചുപോരുന്നത്. പതിനായിരത്തിൽപ്പരം സീറോ മലബാർ വിശ്വാസികൾ ബഹറിനിലുണ്ട്. ബിഷപ് കമിലോ ബല്ലിൻ വിമാനത്താവളത്തിൽ വന്ന് ഞങ്ങളെ സ്വീകരിച്ചതു മുതൽ എല്ലാ തിരുക്കർമ്മങ്ങളിലും പരിപാടികളിലും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു.

റവ. ഫാ. സജി തോമസ് ഒ.എഫ്.എം കപ്പ് ആണ് ഇപ്പോഴത്തെ സീറോ മലബാർ ചാപ്ളിൻ. അദ്ദേഹം മുതിർന്നവരുടെയും കുട്ടികളുടെയും ആദ്ധ്യാത്മിക ആവശ്യങ്ങൾ നല്ലരീതിയിൽ തന്നെ നിർവഹിച്ചുപോരുന്നു. വിവിധ ഭാഷകൾ സംസാരിക്കുന്ന ഇതര കത്തോലിക്കാ സമൂഹങ്ങൾക്കുവേണ്ടിയും അച്ചൻ വിശുദ്ധ കുർബാന അർപ്പിക്കുകയും കൂദാശകൾ പരികർമ്മം



ചെയ്യുകയും ചെയ്യുന്നുണ്ട്. സീറോ മലബാർ സഭാരീതിയിലുള്ള വിശ്വാസപരിശീലനപദ്ധതി അവിടെ ഇനിയും നടപ്പിലായിട്ടില്ല. സഭാസമൂഹത്തിന്റെ മുന്നോട്ടുള്ള വളർച്ചയിൽ ഏറ്റവും ആവശ്യകമായിരിക്കുന്നത് ഈ പരിശീലനമാണ്.

ബഹറിനിലെ സീറോ മലബാർ വിശ്വാസികളുടെ അല്മായ സംഘടന 'സീറോമലബാർ സൊസൈറ്റി' (SYMS) എന്നറിയപ്പെടുന്നു. സാംസ്കാരികവും കാരുണ്യപരവുമായ പ്രവർത്തനങ്ങളാണ് ഈ സംഘടന കൂടുതൽ ചെയ്യുന്നത്. ബഹറിനിലെ സന്ദർശന പരിപാടികളിൽ അവിടുത്തെ ഒരു ഷെയ്ഖ് ദുബൈജ് ഖലീഫ ബിൻ ദുബൈജ് അൽ ഖലീഫായെ ആദരിക്കുന്നതിന് 'സിംസ്' സംഘടന നടത്തിയ സമ്മേളനവും ഉൾപ്പെടുത്തിയിരുന്നു. ഈ ഷെയ്ഖ് കാരുണ്യപ്രവർത്തനങ്ങളിൽ വിശിഷ്യാ, ഭിന്ന ശേഷിയുള്ളവരുടെ സമുദ്ധാരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ശ്ലാഘനീയമായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന വ്യക്തിയാണ്. സീറോ-മലബാർ വിശ്വാസികളോടും സഭാശുശ്രൂഷകരോടും ഷെയ്ഖ് ദുബൈജ് ഖലീഫയ്ക്ക് വളരെയേറെ സ്നേഹവും ബഹുമാനവുമുണ്ട്. അദ്ദേഹത്തെ ആദരിക്കുന്ന സമ്മേളനത്തിൽ ബിഷപ് കമിലോ ബല്ലിനും ആശംസാപ്രസംഗം നടത്തി.

സീറോ മലബാർ വിശ്വാസികളേവർക്കും കൂടി ബഹറിനിലെ ഒരു പ്രധാന നഗരമായ മനാമയിലുള്ള സേക്രട്ട് ഹാർട്ട് ചർച്ചിൽ അർപ്പിച്ച വിശുദ്ധ കുർബാനയാണ് എന്റെ ഈ സന്ദർശനത്തിലെ ഏറ്റവും വലിയ ആത്മീയ അനുഭവം പകർന്ന സംഭവം. മൂവായിരത്തോളം വിശ്വാസികൾ ആ വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നു. തുടർന്നുള്ള സമ്മേളനവും ആതീവ സന്തോഷദായകമായിരുന്നു. ബഹറിനിലെ കത്തോലിക്കാ വിശ്വാസികൾ വിശ്വാസ തീക്ഷ്ണ തയുള്ളവരും ഭക്ത്യാഭ്യാസങ്ങളിൽ തല്പരരുമാണ്. സീറോ-മലബാർ വിശ്വാസികളുടെ കൂട്ടായ്മയും തീക്ഷ്ണതയോടെ മുന്നേറുന്നുണ്ട്. ഗൾഫു രാജ്യങ്ങളിൽ സീറോ-മലബാർ സഭയുടേതായ ഘടനകൾ വരാത്തതുമൂലമുള്ള കുറവുകൾ നിലനിൽക്കുന്നു എന്നതാണ് വസ്തുത.

സീറോ മലബാർ സഭയോടും സാർവത്രിക സഭയോടുമുള്ള ബഹറിനിലെ വിശ്വാസികളുടെ കൂട്ടായ്മ വർധിക്കുന്നതിന് സന്ദർശനപരിപാടികൾ ഉപകരിച്ചു എന്നു വേണം കരുതാൻ. ഗൾഫിലെ നമ്മുടെ ജനങ്ങളെ നേരിൽ കാണാനും അവരോടൊപ്പം പ്രാർത്ഥിക്കാനും വി. കുർബാന അർപ്പിക്കാനും സമ്മേളനങ്ങളിൽ പങ്കെടുക്കുവാനും സാധിച്ചതിലുള്ള സന്തോഷം ഇപ്പോഴും ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്നു. അവരെയും മറ്റു പ്രവാസി സമൂഹങ്ങളെയും ദൈവത്തിന്റെ അനന്തമായ പരിപാലനയ്ക്കും കാരുണ്യത്തിനും സമർപ്പിച്ചുകൊണ്ട് ഈ കത്ത് സമാപിപ്പിച്ചു കൊള്ളട്ടെ!

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

മൗണ്ട് സെന്റ് തോമസ്, കാക്കനാട്
11-03-2015





## C. 16 കേരള കത്തോലിക്കാമെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മേയ്ദിന സന്ദേശം - 2015

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ഉത്പത്തിയുടെ ക്രമവും പരസ്പരാശ്രയത്വവും പ്രദാനം ചെയ്ത ഒരുആദ്യപ്രപഞ്ചവിശുദ്ധിയെ (ഉത്പ 1:1-31), ആന്തരിക വിശുദ്ധി നഷ്ടപ്പെട്ട ഇന്നത്തെ മനുഷ്യൻ തകർത്തെറിയുന്നതാണ് നമ്മൾ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യജീവനും ദൈവമഹത്ത്വത്തിനും അല്പംപോലും വില കൽപ്പിക്കാത്തിടംവരെ ഇതു ചെന്നെത്തിയിരിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ വിശുദ്ധിയുടെ വീണ്ടെടുപ്പ് മനുഷ്യാധ്വാനത്തിലൂടെയാണെന്ന ദൈവഹിതം (ഉത്പ 3 :19) ജീവിതത്തിലൂടെ കാണിച്ചുതന്ന തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ഒപ്പം തൊഴിൽമേഖലയും തൊഴിലാളിയും നേരിടുന്ന ചില വിഷമസ്ഥിതികളിലേക്ക് മുഴുവൻ പേരുടെയും ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

2. അസംതൃപ്തനായ തൊഴിലാളി ഇന്നത്തെ സമൂഹത്തിന്റെ സൃഷ്ടിയാണ്. ഇഷ്ടപ്പെടാത്ത ജോലി, അപര്യാപ്തമായ കൂലി, ഉത്പ്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കാതിരിക്കൽ, ചൂഷണത്വരയുള്ള തൊഴിൽ ദാതാവ്, സ്വാർത്ഥത നിറഞ്ഞ ട്രേഡ് യൂണിയൻ നേതാക്കൾ, അഴിമതിയിലാണ്ട അധികാരികൾ, സർക്കാരു കളുടെ വികലമായ നയങ്ങൾ എന്നിവയുടെയെല്ലാം ഫലമായി നേരിടേണ്ടിവരുന്ന അവഗണനയും ഉൾഭയവും ജീവിതാവശ്യങ്ങൾ നിവർത്തിക്കാനാകാത്തതിന്റെ നിരാശയുമാണ് തൊഴിലാളിയെ അസംതൃപ്തനാക്കിയിരിക്കുന്നത്. ഈ അവസ്ഥ ഏറെ അനുഭവിക്കുന്നത് അസംഘടിത തൊഴിലാളികളാണ്. രണ്ടു ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിടകർഷകരും അസംഘടിത തൊഴിലാളികളായിട്ടാണു പരിഗണിക്കപ്പെടുന്നത്.

3. തൊഴിലാളികൾക്ക് സ്വതന്ത്രമായി സംഘടിക്കാനുള്ള അവകാശം മനുഷ്യന്റെ മൗലിക അവകാശങ്ങളിൽപ്പെട്ടതാണ്. ഇത്തരം

സംഘടനകൾക്ക് തൊഴിലാളികളെ പ്രതിനിധാനം ചെയ്യാനും അവരുടെ സാമ്പത്തിക ജീവിതം സംവിധാനം ചെയ്യാനും പ്രതികാര നടപടികളെപ്പറ്റിയുള്ള ഭയം കൂടാതെ സംഘടനാ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി പങ്കെടുക്കാനും തൊഴിലാളിക്ക് അവകാശമുണ്ടെന്നിരിക്കെയാണ് (സഭ ആധുനിക ലോകത്തിൽ 68) അസംഘടിത തൊഴി ലാളിസമൂഹം തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും, സാമ്പത്തിക സുരക്ഷയും നിയമപരിരക്ഷയും ഇല്ലാതെ ജീവനുപോലും ഭീഷണിയാകും വിധം ക്ലേശിക്കേണ്ടി വരുന്നത്.

4. പൊതുനന്മയായിരിക്കണം ഭരണാധികാരികളുടെയും രാഷ്ട്രീയ സാമുദായിക സംഘടനാനേതൃത്വത്തിന്റെയും ലക്ഷ്യം. വ്യക്തിയോടുള്ള ആദരവും സാമൂഹികക്ഷേമവും വികസനവും നീതി പൂർവ്വകമായ വ്യവസ്ഥിതിയും സുരക്ഷിതത്വവും സുസ്ഥിതിയും ഉൾക്കൊള്ളുന്നതായിരിക്കണം പൊതുനന്മയെന്നതാണ് സഭയുടെ പ്രഖ്യാപിത നിലപാട് (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 1905-1910). എന്നാലിന്ന് ഇവയൊന്നും വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നു. അസംഘടിത തൊഴിലാളികൾക്കായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ നടത്തിപ്പിലെ അലംഭാവവും സാമൂഹിക പ്രതിജ്ഞാബദ്ധതയും സത്യസന്ധതയും തുലോം കുറവായ വിവിധ കമ്മീഷനുകളും പഠനസംഘങ്ങളും നൽകുന്ന റിപ്പോർട്ടുകളെ അവ സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ വിലയിരുത്താതെ ഏകപക്ഷീയമായി നടപ്പിലാക്കുന്നതും, സർക്കാരുകളുടെ കോർപറേറ്റ് പ്രീണനനയങ്ങളും കാണുമ്പോൾ അസംഘടിത തൊഴിൽ സമൂഹത്തെയും അവരുടെ കുടുംബങ്ങളെയും ഈ മേഖലകളിലെ തകർച്ചകളെയും അധികാരികൾ പരിഗണിക്കുന്നേ ഇല്ലെന്ന് പറയേണ്ടിവരുന്നു.

5. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഇപ്പോൾ കേരളസമൂഹത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ മുഴുവൻ പ്രതിഷേധത്തിനു വിധേയമാകുന്ന ഒന്നായി മാറിയിരിക്കുകയാണു മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്. രാജ്യത്തിന്റെ തീരക്കടലിനെ മുഴുവൻ വിദേശകുത്തകകൾക്ക് തുറന്നു കൊടുക്കാനുള്ള ശുപാർശയാണ് ഈ റിപ്പോർട്ടിൽ പ്രധാനമായി ഉള്ളത്. ഇതുമൂലം സാധാരണ മൽസ്യ



ത്തൊഴിലാളി കളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും എന്ന കാര്യത്തിൽ സംശയം ലവലേശമില്ല. ആയതിനാൽ ഈ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാൻ വേണ്ടി തൊഴിലാളികൾ നടത്തുന്ന ശ്രമങ്ങൾക്ക് പിന്തുണ നൽകേണ്ടിയിരിക്കുന്നു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, തീരമേഖലാനിയന്ത്രണനിയമങ്ങൾ എന്നിവ മൂലം കർഷക ജനവിഭാഗവും തീരജനതയും കിടപ്പാടം പോലും നിർമ്മിക്കാൻ കഴിയാത്ത വിധത്തിൽ വലിയ പ്രതിസന്ധിയിലാണ്. കേന്ദ്ര സർക്കാറിന്റെ പ്രതികൂലനയങ്ങൾ മൂലമാണു റബ്ബർ ഉൾപ്പടെയുള്ള വിവിധ കാർഷികവിളകൾ വിലത്തകർച്ച നേരിടുന്നത്. വനസംരക്ഷണത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങൾ കർശനമാക്കപ്പെടുമ്പോൾ വന്യമൃഗങ്ങളുടെ കടന്നാക്രമണത്താൽ തകരുന്ന ചെറുകിട കാർഷികമേഖലയും അവിടുത്തെ ജീവനും കുടുംബവും തകർക്കപ്പെടുന്ന സാധാരണ തൊഴിലാളികളും ആർക്കും (ഭരണാധികാരികൾക്ക്) പ്രധാനപ്പെട്ടതല്ലാതായിത്തീരുന്നു.

6. സർക്കാർ ബജറ്റുകളിൽ വൻകിട സ്ഥാപനങ്ങൾക്കും കോർപ്പറേറ്റുകൾക്കും പ്രോത്സാഹനവും നികുതിയിളവും വാരിക്കോരി നൽകുമ്പോൾ രാജ്യത്തെ തൊഴിൽശക്തിയുടെ തൊണ്ണൂററിമൂന്നു ശതമാനം വരുന്ന അസംഘടിത തൊഴിലാളിസമൂഹത്തിനായി ആനുപാതികമായി അർഹതപ്പെട്ട വിഹിതം മാറ്റിവെയ്ക്കപ്പെടുന്നില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്നവ വെട്ടിക്കുറയ്ക്കുകകൂടി ചെയ്യുന്നു. അസംഘടിത തൊഴിലാളികൾക്കായി ദേശീയതലത്തിൽ രൂപപ്പെടുത്തിയിരുന്ന മഹാത്മഗാന്ധി ഗ്രാമീണതൊഴിലുറപ്പു പദ്ധതി, സ്വാലംബൻ പെൻഷൻ പദ്ധതി, ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന എന്നിവയുടെ നടത്തിപ്പ് ചട്ടങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാററങ്ങൾ, കുറഞ്ഞ വകയിരുത്തൽ എന്നിവ വലിയ പ്രതിസന്ധിക്കു കാരണമാകുന്നുണ്ട്. കേന്ദ്രസർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റനുകൂല തൊഴിൽ നിയമപരിഷ്കാരങ്ങൾ, പ്രോവിഡന്റ് ഫണ്ട് ഇ. എസ്. ഐ തുടങ്ങിയ നിയമങ്ങളിൽ വരുത്തുന്ന മാററങ്ങൾ എന്നിവ സംഘടിത തൊഴിൽ മേഖലയുടെ അനൗപചാരികവത്കരണത്തിനു വഴിവെയ്ക്കും.

ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം, ഫണ്ടിന്റെ വകയിരുത്തൽ കുറവ്, ആനുകൂല്യങ്ങളുടെ വെട്ടിക്കുറയ്ക്കൽ, കെടുകാര്യസ്ഥത, അനാവശ്യമായ നൂലാമാലകൾ എന്നിവ മൂലം സംസ്ഥാനത്തെ പല തൊഴിലാളി ക്ഷേമനിധികളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണ്. ഇവ പരിഹരിക്കുന്നതിനുള്ള ഗൗരവതരമായ സമീപനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ കൃഷിഭൂമിയുടെ അവകാശം കവരുന്നതും, ചെറുകിട കച്ചവട ക്കാരുടെയും പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്ന വരുടെയും പ്രശ്നങ്ങളും സുരക്ഷിതത്വഭീഷണിയും പരിഗണിക്കാ ത്തതും, പൊതുവിതരണം പൊതുവിദ്യാഭ്യാസം പൊതു വൈദ്യ സഹായം എന്നീ മേഖലകളിലെ സബ്സിഡികൾ കുറച്ചുകൊണ്ട് സ്വകാര്യ മേഖലയുടെ കടന്നുകയറ്റം അനുവദിക്കുന്നതുമായ സർക്കാരിന്റെ നയങ്ങളും നിലപാടുകളുമെല്ലാം അസംഘടിത തൊഴിലാളിസമൂഹത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

7. ഇത്തരമൊരു സാഹചര്യത്തിൽ സഭയുടെ തൊഴിലാളിപക്ഷ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ ലോകത്തിലെ എല്ലാ മനുഷ്യരുടെയും സന്തോഷങ്ങളും ദു:ഖങ്ങളും തിരുസ്സഭ യുടേതു കൂടിയാണ്(സഭആധുനിക ലോകത്തിൽ 1). മാനവ രാശിയുടെ കഷ്ടതകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും കടമയാണെന്നാണ് തിരുസ്സഭാമാതാവ് പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഇക്കാര്യം എല്ലാ യ്പ്പോഴും വിശ്വാസികളെ അനുസ്മരിപ്പിക്കുന്നുണ്ട്. ഒരു വ്യക്തി യുടെ ജീവിതം സുരക്ഷിതമാകുമ്പോൾ മററുള്ളവരെ മറക്കുന്ന പ്രവണതയെ 2015-ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് നിശിതമായി വിമർശിക്കുന്നുണ്ട്. എനിക്കു ആരോഗ്യവും സ്വസ്തതയും ഉള്ളപ്പോൾ മററുള്ളവരുടെ ഇല്ലായ്മകളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. ഇന്നു നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോള വ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോള വത്കര ണമെന്നു നമുക്ക് പറയാൻ തക്കവിധം അതു വ്യാപിച്ചി രിക്കു കയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രധാന പ്രശ്നമാണിത്. ആയതിനാൽ നിലവിലുള്ള സാമൂഹിവ്യവസ്ഥി



തികളിൽ നിന്നുകൊണ്ട് തന്നെ ഈ സംവിധാനങ്ങളെ പരമാവധി ഉപയോഗിച്ച് വിവേചനത്തിന്റെയും ചൂഷണത്തിന്റെയും അവ കാശനിഷേധത്തിന്റെയും ഉച്ചനീചത്വങ്ങൾ ആവുന്നത്ര കുറയ്ക്കു ന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. പ്രേഷിതപ്രവർത്തനത്തിന്റെയും ജീവകാരു ണ്യപ്രവർത്തനത്തിന്റെയും ഒപ്പം അസംഘടിത തൊഴിൽ മേഖല യിലെയും തൊഴിലാളിയുടെയും പ്രശ്നങ്ങളും ഏറ്റെടുക്കണം.

8. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) എന്ന സാമൂഹിക സന്നദ്ധസംഘടന പ്രധാനമായും ഏറ്റെടുത്തിരിക്കുന്നത് അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളാണ്. സർക്കാർ പദ്ധ തികളായ ക്ഷേമനിധികളെ പ്രോത്സാഹിപ്പിച്ച് പരമാവധി പേരെ ഇതിൽ അംഗങ്ങളാക്കാൻ സാഹചര്യമൊരുക്കുക, പെൻഷൻ പദ്ധതികൾ എല്ലാവരിലും എത്തിക്കുക, തൊഴിൽ പരിശീലനം നൽകുക, ആരോ ഗ്യ ഇൻഷുറൻസ്, മൈക്രോ ഇൻഷൂറൻസ് എന്നിവയുടെ പങ്കാളി ത്തത്തോടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, സ്വയം സഹായസംഘങ്ങളിലൂടെ ദാരിദ്ര്യത്തെ അതിജീവിക്കാനും സാമ്പ ത്തിക സുരക്ഷയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കാനും ശ്രമിക്കുക, തൊഴിലാളി നേതൃത്വം വളർത്തിയെടുക്കുക, വിവിധ തൊഴിലാളി ഫോറങ്ങളിലൂടെ തൊഴിലാളി സമൂഹത്തെ സംഘടിപ്പിച്ച് ശക്തരാകാൻ സഹായിക്കുക, തൊഴിലാളികൾക്ക് അനുകൂലമായി സർക്കാരുകൾ നയങ്ങൾ രൂപീകരിക്കുന്നതിനു സമ്മർദ്ദപ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ജാതിമതഭേദമില്ലാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കെ.എൽ.എം. നടത്തിവരുന്ന ത്. നിർമ്മാണമേഖല, ചെറുകിട തോട്ടംതൊഴിൽ മേഖല, തയ്യൽമേഖ ല, മത്സ്യത്തൊഴിലാളി മേഖല, കർഷകത്തൊഴിലാളിമേഖല, മോട്ടോർ വാഹന തൊഴിലാളി മേഖല, ഗാർഹിക തൊഴിലാളി മേഖല, പീടിക തൊഴിലാളി മേഖല എന്നിവയിലാണ് ഇപ്പോൾ കൂടുതലായും പ്രവർത്തനങ്ങൾ നടക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികളുടെ മദ്ധ്യേയുള്ള പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. നമ്മുടെ പ്രദേ ശത്ത് ഈ മേഖലകളിലുള്ള മുഴുവൻ പേർക്കും ആവശ്യമായ

സഹായം യഥാസമയം നൽകുന്നതിന് പ്രാദേശിക സഭാസമൂഹത്തിന് സാധിക്കണം. ഇതിനായി കെ.എൽ.എം. പ്രവർത്തനങ്ങൾ മുഴുവൻ രൂപതകളും പൂർണ്ണമനസ്സോടെ ഏറ്റെടുക്കണമെന്നും മുഴുവൻ ഇടവകകളും കെ.എൽ.എം. യൂണിറ്റുകൾ ആരംഭിച്ച് പാവപ്പെട്ട തൊഴിലാളികൾക്കായുള്ള പ്രവർത്തനം ശക്തമാക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

9. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെയും ശുശ്രൂഷികളെയും പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഇവർക്കായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നിർദ്ദേശാനുസരണം കെ. എൽ. എം. നടപ്പിലാക്കിയിരിക്കുന്ന സുരക്ഷ പെൻഷൻ പദ്ധതി ഒട്ടുമിക്ക രൂപതകളും ഇതിനോടകം തന്നെ വളരെ ഭംഗിയായി ചെയ്തുതുടങ്ങിയിട്ടുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. ഒപ്പം അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. സുരക്ഷാപദ്ധതി ഇനിയും നടപ്പിലാക്കാത്ത രൂപതകളും സന്ന്യാസസമൂഹങ്ങളും ഈ വർഷം തന്നെ അതു നടപ്പിലാക്കണമെന്നു അഭ്യർത്ഥിക്കുന്നു. കേരളത്തിലെ കത്തോലിക്കാസഭയുടെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമന, സേവന, വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും സുതാര്യവും നിയമാനുസൃതവും സഭാ പ്രബോധന ങ്ങൾക്കനുസൃതവും ആക്കുന്നതിനു വേണ്ടിയാണു കെസിബിസി പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. ഇതു നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നൽകുന്നതിനു കെ.എൽ.എം. നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിനു വേണ്ട ക്രിയാത്മക സഹകരണം എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും സ്ഥാപനാധികാരികളും നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. കെസി.ബിസിയിലെ പിതാക്കന്മാരുടെ ആഹ്വാനങ്ങളും തീരുമാനങ്ങളും ചില സ്ഥാപനങ്ങളും അധികാരികളും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്നുണ്ട്. ഈ സമീപനം സഭയെ ഒരുതരത്തിലും സഹായിക്കില്ലെന്ന് മാത്രമല്ല പൊതു സമൂഹത്തിൽ സഭ അവമതിക്കപ്പെടുന്നതിനും ആക്ഷേപിക്കപ്പെടുന്നതിനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്നും മനസ്സിലാക്കണം. നീതിപൂർവ്വകമല്ലാത്ത കൂലി ദൈവസന്നിധിയിൽ പ്രതികാരത്തിനാവശ്യപ്പെടുന്ന പാപങ്ങളിലൊ



ന്നാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 2434). തൊഴിലിന്റെ മഹത്ത്വം അടങ്ങിയിരിക്കുന്നത് അത് ചെയ്യുന്നത് മനുഷ്യനാണ് എന്നതുകൊണ്ടാണെന്നു മറന്നുകൂടാ (മതബോധനം 2428). അതിനാൽ മനുഷ്യത്വപരവും, കരുണാപരവുമായ സമീപനം തൊഴിലാളിയോടും അവന്റെ/ അവളുടെ കുടുംബത്തോടും ഇല്ലാതെപോകുന്നുണ്ടെങ്കിൽ അത് കടുത്ത തിന്മയും ദുർമാതൃകയുമാണ്.

10. രാഷ്ട്രവും സമൂഹവും സഭയും ആവശ്യമായവ ചെയ്തു തരുമ്പോൾ നീതിപൂർവ്വകവും സത്യസന്ധവുമായ സമീപനം തൊഴിലാളികളിൽ നിന്നും ഉണ്ടാകണം. ഏല്പിക്കപ്പെട്ടിരിക്കുന്ന തൊഴിലിന്റെ മികച്ചരീതിയിലുള്ള നിർവ്വഹണം, തൊഴിലിനോടുള്ള ആത്മാർത്ഥത, തൊഴിൽ ദാതാവിനോടുള്ള ആദരം, കുടുംബത്തിന്റെയും ആശ്രിതരുടെയും സംരക്ഷണം, ലഹരി വസ്തുക്കളിൽ നിന്ന് അകന്നു നിൽക്കൽ, നാളെയുടെ ആവശ്യങ്ങൾക്കായി കരുതൽ തുടങ്ങിയവയെല്ലാം തൊഴിലാളിയുടെ ധാർമ്മികമായ കടമയാണെന്നുകൂടി ഓർമ്മപ്പെടുത്തട്ടെ. അവകാശങ്ങളും കടമകളും നിർവഹിക്കപ്പെടുന്ന സമൂഹത്തിലാണ് സമാധാനമുണ്ടാകുന്നത്. സമാധാനമാണ് യഥാർത്ഥ വികസനം (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ പാപ്പാ - ഭൂമിയിൽ സമാധാനം).

11. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കും സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥനകളും പ്രത്യേകം ദിവ്യബലിയും നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളെയും പ്രവർത്തകരെയും അധികാരികളെയും സമർപ്പിക്കുന്നു.

12. ഒരു തൊഴിലാളിയുടെ കുടുംബത്തിൽ പിറക്കുകയും തൊഴിൽ ചെയ്ത് ജീവിക്കുകയും സമൂഹത്തിലെ അസംഘടിത വിഭാഗങ്ങളിൽനിന്ന് ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും ചെയ്ത നമ്മുടെ

നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴി ലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/11.03.2015/Ref: 2846/K 35/OL/KCBC/DS

NB: 2015 ഏപ്രിൽ 26-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജന ങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.





C. 17

## സമർപ്പിത വർഷാചരണം

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

സമർപ്പിത വർഷാചരണം തുടങ്ങിയ അവസരത്തിൽ, സമർപ്പി തരെക്കുറിച്ച് 2014 നവംബർ 23-ന് ഞാൻ എഴുതിയ ഇടയലേഖനത്തിന്റെ രണ്ടാം ഭാഗത്ത് സമർപ്പിതരായ സഹോദരന്മാരെക്കുറിച്ച് പ്രത്യേകം എഴു തിയിരുന്നല്ലോ. ഇപ്പോൾ സമർപ്പിതരായ സഹോദരിമാരുടെ ശുശ്രൂഷ യെക്കുറിച്ച് എഴുതാനാഗ്രഹിക്കുന്നു.

ഭാരതകത്തോലിക്കാസഭയിൽ ആകെ 94,000 സമർപ്പിതരായ സഹോദരിമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരിൽ 33,000 പേർ സീറോ-മലബാർ സഭയിൽ നിന്നുള്ളവരും ഈ സഭയുടെ നേരിട്ടുള്ള ശുശ്രൂഷാരംഗങ്ങളിൽ വ്യാപരിക്കുന്നവരുമാണ്. ഇതുകൂടാതെ ഈ സഭ യിൽ നിന്നുള്ള 20,000 പേരെങ്കിലും ലത്തീൻ -സീറോ മലങ്കര സഭക ളുടെ ആഭിമുഖ്യത്തിലുള്ള ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നു എന്നാണ് കരുതപ്പെടുന്നത്. അംഗസംഖ്യയിലെ ഈ വർദ്ധിച്ച സാന്നിദ്ധ്യം സഭയിലും ലോകത്തിലും സന്യാസിനികൾ നല്കുന്ന ശുശ്രൂഷയുടെ പ്രാധാന്യം വ്യക്തമാക്കുന്നു.

സന്യാസിനിമാർ വിവിധ രീതികളിലാണ് തങ്ങളുടെ അർപ്പിത ജിവിതം നയിക്കാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുത അത്മായസഹോദരങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂർണ്ണമായി ധ്യാനാത്മക ജീവിതം നയിക്കുന്നവർ, ഭാഗികമായ ധ്യാനാത്മക ജീവിതക്കാർ, പൂർണ്ണമായി അജപാലനപ്രവർത്തനങ്ങളിലേർപ്പെടുന്നവർ, വിവിധ ഭൗതിക മേഖലകളിൽ വ്യാപരിക്കുകയും അതേസമയം വ്രതബ ദ്ധജീവിതം നയിക്കുകയും ചെയ്യുന്ന സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകാർ, സമൂ ഹജീവിതമില്ലാതെ ഏകസ്ഥരായി കഴിയുന്നവർ, സന്യാസവ്രതങ്ങളി ല്ലാതെ ജിവിക്കുന്ന അപ്പസ്തോലികസംഘങ്ങൾ - എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള അർപ്പിതജീവിതരീതികളുണ്ട്.

തിരുസഭയുടെ ആരംഭകാലം മുതൽതന്നെ പാശ്ചാത്യ പൗരസ്ത്യ സഭകളിൽ സമർപ്പിതജീവിതം നയിച്ചിരുന്ന സ്ത്രീകളുടെ

സമൂഹങ്ങളുണ്ടായിരുന്നു. പുരുഷൻമാർ നിയമങ്ങൾ എഴുതി ഉണ്ടാക്കി സമൂഹമായി ജീവിക്കാൻ ആരംഭിച്ചപ്പോൾ അത്തരം ജീവിതരീതി സ്വീകരിക്കാൻ സ്ത്രീകളും തയ്യാറായി. സന്യാസ സഭാസ്ഥാപകരുടെ ആദർശങ്ങളെ അനുകരിച്ചുകൊണ്ട് ആ സഭകളുടെ സഹായികളോ പിന്നണി പ്രവർത്തകരോ ആയിട്ടാണ് പല സന്യാസിനീ സമൂഹങ്ങളും സഭയിൽ ജന്മം കൊണ്ടത്.

പൗരസ്ത്യസഭയിലെ സന്യാസ പ്രസ്ഥാനങ്ങൾക്കു നിയതമായ രൂപവും ഭാവവും നല്കുന്നതിൽ ഗണ്യമായ സംഭാവനകൾ നല്കിയ വി. പക്കോമിയോസ് (287-346) അദ്ദേഹത്തിന്റെ സഹോദരിയായ മേരിയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കുവേണ്ടിയുള്ള സമൂഹം സ്ഥാപിച്ചു. നാലാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടം മുതൽ ഈജിപ്തിലും, സിറിയൻ നാടുകളിലും, ഏഷ്യാമൈനറിലും സ്ത്രീകളുടെ സമൂഹങ്ങളും അവയിൽ ധാരാളം സന്യാസിനികളുമുണ്ടായിരുന്നതായി ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. പൗരസ്ത്യസഭയിലെ താപസികരെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ സ്ത്രീകൾക്കു വേണ്ടിയുള്ള താപസിനികളുടെ കൂട്ടായ്മകൾ *കന്യകകളുടെ സമൂഹം (Community of virgins)* എന്ന പേരിൽ ഉണ്ടായിരുന്നതായുള്ള സൂചനകൾ നല്കുന്നു.

പാശ്ചാത്യസഭയിൽ പുരുഷ സന്യാസസമൂഹങ്ങൾക്കു തുടക്കം കുറിച്ച സന്യാസ സഭാശ്രേഷ്ഠന്മാരെല്ലാവരും തന്നെ സ്ത്രീകൾക്ക് സന്യാസജീവിതത്തിനുള്ള പ്രത്യേക ക്രമീകരണങ്ങൾ സന്യാസശ്രേഷ്ഠകളുടെ നേതൃത്വത്തിൽ നടത്തിയിരുന്നു എന്ന് പാരമ്പര്യം സാക്ഷിക്കുന്നു. ഇപ്രകാരം ബെനഡിക്ടൈൻ സന്യാസത്തിൽ വി. സ്കൊളാസ്റ്റിക്കായെയും, ഫ്രാൻസിസ്കൻ സന്യാസത്തിൽ വി.ക്ലാരയെയും, കർമ്മലീത്താ സന്യാസത്തിൽ ആവിലായിലെ വി. അമ്മത്രേസ്യ യെയും പ്രത്യേകം എടുത്തുപറയേണ്ടതാണ്.

പാശ്ചാത്യ പൗരസ്ത്യ സഭകളിലുണ്ടായിരുന്നതുപോലെ സീറോ മലബാർ സഭയിലും പാശ്ചാത്യ മിഷനറിമാരുടെ വരവിന് മുൻപ് സമൂഹജീവിതം നയിച്ചിരുന്ന സന്യാസിനികളുണ്ടായിരുന്നിരിക്കണം.



സ്ത്രീകൾ ദൈവാലയശുശ്രൂഷയിലും സുവിശേഷവേലയിലും മുന്നിട്ടു നിന്നിരുന്നുവെന്നതിന് തെളിവുകളുണ്ട്. മാമ്മോദീസാവേളയിൽ തൈലം പൂശലിന് സഹായികളായി മ്ശംശാനീസാമാരെ നിയോഗിച്ചിരുന്നതായി നമ്മുടെ ഡീക്കൻപട്ടശുശ്രൂഷാക്രമത്തിൽ പരാമർശമുണ്ട്. നമ്മുടെ സഭ ലത്തീൻ ഭരണത്തിന് വിധേയമായ കാലഘട്ടം മുതൽ സന്യാസജിവിതത്തിലും പാശ്ചാത്യശൈലികൾ സ്വീകരിച്ചുതുടങ്ങി.

സമർപ്പിതജീവിതത്തിലേക്കുള്ള സ്ത്രീകളുടെ ദൈവവിളികളെ പ്രോത്സാഹിപ്പി ക്കാനായി തദ്ദേശിയ സന്യാസിനീസമൂഹങ്ങൾ ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി സുറിയാനിക്കാരുടെ ആദ്യത്തെ വികാരിജനറാളായിരുന്ന ചാവറയച്ചൻ കർമ്മലീത്താപാരമ്പര്യത്തിലുള്ള സന്യാസിനീസമൂഹം കേരളത്തിൽ സ്ഥാപിച്ചു. തുടർന്ന് വിവിധ സന്യാസിനീസമൂഹങ്ങളും നമ്മുടെ സഭയിൽ ജനിച്ചു വളർന്നു. ഇന്ന് സ്ത്രീകൾക്കായി സീറോ മലബാർ സഭയിൽ തദ്ദേശീയങ്ങളായ 34 സന്യാസിനീസമൂഹങ്ങളും 6 സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളും 9 ഭക്ത സമൂഹങ്ങളുമുണ്ട്. പൂർണ്ണമായി ധ്യാനാത്മക ജീവിതം നയിക്കുന്ന 3 സന്യാസിനീസമൂഹങ്ങളാണ് നമ്മുടെ സഭയിലുള്ളത്. ഇതുകൂടാതെ ലത്തീൻസഭയിൽ രൂപംകൊണ്ട 7 സന്യാസിനീസഭകളുടെ പ്രവിശ്യകളും 150-ഓളം സന്യാസിനീസഭകളുടെ ഭവനങ്ങളും സീറോ മലബാർ സഭയിൽ ഉണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം സന്യാസിനിമാർ സഭാശുശ്രൂഷയിൽ വലിയ പങ്കുവഹിക്കുന്ന സജീവാംഗങ്ങളായി തീർന്നിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. ഇന്ന് പ്രേഷിതപ്രവർത്തനത്തിലും അജപാലനത്തിലും വൈദികരോട് സഹകരിച്ച് വളരെയേറെ ശുശ്രൂഷകൾ സന്യാസിനികൾ സ്തുത്യർഹമായി നിർവ്വഹിക്കുന്നു. വിശ്വാസപരിശീലനത്തിലും, പൊതുവിദ്യാഭ്യാസത്തിലും, ആതുരശുശ്രൂഷയിലും അഗതിസേവനത്തിലും കുടുംബ പ്രേഷിതത്വത്തിലും സജീവസാന്നിദ്ധ്യം നല്കി സന്യാസിനികൾ ക്രിസ്തീയ സ്നേഹത്തിന്റെ പങ്കുവയ്ക്കൽ നടത്തുന്നത് വലിയ ക്രൈസ്തവസാക്ഷ്യം തന്നെയാണ്. ആധുനിക കാലത്തെ പുതിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടു പോലും നമ്മുടെ സഹോദരിമാർ പ്രേഷിത പ്രവർത്തനത്തിൽ ധൈര്യപൂർവ്വം

മുന്നേറുന്നുണ്ട്. ഇരുപതു വർഷം മുമ്പ് തന്റെ ജീവൻ ബലികഴിച്ചു പോലും ഈശോയുടെ സ്നേഹത്തിനു സാക്ഷ്യം വഹിച്ച സി. റാണി മരിയായും അടുത്ത കാലത്ത് കാന്ദമാലിലും, ഈയ്യിടെ പശ്ചിമബംഗാളിലെ നദിയായിലും ആക്രമിക്കപ്പെട്ട സിസ്റ്റേഴ്സും നമ്മുടെ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുന്നുണ്ടല്ലോ.

കാലത്തിനനുസൃതമായി സന്യാസജീവിതരീതികൾക്ക് മാറ്റം വന്നിട്ടുണ്ട് എന്നതും വാസ്തവമാണ്. ആദ്ധ്യാത്മികതയുടെ ഭാഗമായി സഭാസേവനത്തെ യോജിപ്പിച്ച് കൊണ്ടുപോകുന്ന ഒരുശൈലി ഇന്ന് അവർ അവലംബിക്കുന്നു. ഭാരതത്തിലെ ശുശ്രൂഷകൾക്ക് പുറമെ വിദേശരാജ്യങ്ങളിലും പ്രത്യേകിച്ച് ആഫ്രിക്കയിലെ വിവിധ മിഷൻ പ്രദേശങ്ങളിലും നമ്മുടെ സഭയിൽ നിന്നുള്ള സന്യാസിനികൾ കടന്നുചെന്ന് നിസ്വാർത്ഥ സേവനത്തിന്റെ ക്രൈസ്തവ സാക്ഷ്യം നല്കുന്നു.

സീറോ മലബാർ സഭയിൽനിന്ന് സന്യസ്തസമർപ്പിത ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണത്തിൽ അടുത്തകാലങ്ങളിലായി കുറവുകൾ വന്നിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. സന്യസ്ത ജീവിതത്തിലേയ്ക്കുള്ള ദൈവവിളി പ്രോത്സാഹനത്തിന് സഭയ്ക്കു മുഴുവൻ കടമയുണ്ട്. ഇടവക സമൂഹത്തിനു പൊതുവെയും കുടുംബത്തിനു പ്രത്യേകിച്ചും ഈ രംഗത്തുള്ള ഉത്തരവാദിത്വം ഏറെയാണ്. സന്യസ്ത ജീവിതത്തിലേയ്ക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം നമ്മുടെ കുടുംബങ്ങളിലുണ്ടാകേണ്ടതുണ്ട്. കുടുംബങ്ങളിലെ മൂല്യങ്ങളും സാഹചര്യങ്ങളും സമർപ്പിത ജീവിതത്തി ലേയ്ക്കുള്ള ദൈവവിളികൾ സ്വീകരിക്കുന്നതിന് അനുകൂലമായിരിക്കണം. മാതാപിതാക്കളും ഇടവകയിലെ സമർപ്പിതരും വിശ്വാസപരിശീലകരും യുവതികളെ തങ്ങളുടെ ദൈവവിളികളെ കണ്ടെത്താൻ സഹായിക്കണം.

തിരുസഭയ്ക്കും പൊതുസമൂഹത്തിനുമായി പ്രാർത്ഥിക്കുകയും നിസ്വാർത്ഥ മായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന സമർപ്പിതസന്യാസിനികളെ സ്നേഹിക്കുവാനും സഹായിക്കുവാനും നമുക്കോരോരുത്തർക്കും കടമയുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെ സമൂഹത്തിന്റെ കരുതലും പരിഗണനയും അവരോടു നിരന്തരം പ്രകടിപ്പിക്കുകയും ചെയ്യണം.



ഭൗതികസുഖങ്ങളെല്ലാം വെടിഞ്ഞ് നിത്യമണവാളനായ ഈശോയോട് ഏറ്റവും അടുത്ത് സഹവസിച്ച് ത്യാഗങ്ങൾ സന്തോഷത്തോടെ ഏറ്റെടുത്ത്, മുഴുവൻ സമയശുശ്രൂഷകരായി ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ജീവിച്ച്, ലോകത്തെമ്പാടും പരിമളമായി ഭവിക്കുന്ന സമർപ്പിതജീവിതക്കാരായ എല്ലാ സന്യാസിനിമാരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു. സീറോ മലബാർ സഭയിൽ ജനിച്ച് കേരളമണ്ണിൽ സന്യാസസമർപ്പണജീവിതം നയിച്ച് സന്യസ്ത സമർപ്പിത ജീവിതത്തിലെ താരകങ്ങളായി പ്രശോഭിക്കുന്ന വിശുദ്ധ അൽഫോൻസായും, വിശുദ്ധ എവുപ്രാസ്യായും, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായും സമർപ്പിതരായ എല്ലാസഹോദരിമാർക്കും മാതൃകകളും മദ്ധ്യസ്ഥരുമായിരിക്കട്ടെ. ഈ സമർപ്പിത വർഷത്തിലെ എല്ലാ നവീകരണ പദ്ധതികളിലും അരൂപിയുടെ നിറവ് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളേവരെയും ഞാൻ ആശീർവദിക്കുന്നു.

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത

20.03.2015

ഈ സർക്കുലർ 2015 ഏപ്രിൽ 19-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



# ഈസ്റ്റർ മംഗളങ്ങൾ

തിരുനാളുകളുടെ തിരുനാളാണ് ഈസ്റ്റർ. ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനം സാധ്യമായതിന്റെ ഓർമ്മയാണിത്. ആദിമാതാപിതാക്കളുടെ പാപം മൂലം മനുഷ്യകുലത്തിനെതിരെ അടയ്ക്കപ്പെട്ട സ്വർഗത്തിന്റെ വാതിൽ ഈശോയുടെ സ്വർഗാരോഹണത്തിലൂടെ തുറക്കപ്പെട്ടതിന്റെ അനുസ്മരണമാണിത്. നമ്മുടെ ഇടയിൽ വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും അനുരഞ്ജനം സാധ്യമാകണം. ഇശോ തന്റെ ഉത്ഥാനത്തിലൂടെ നേടിത്തന്ന സമാധാനവും സന്തോഷവും ഈ ലോകത്തിൽ സംസ്ഥാപിക്കാൻ നമുക്ക് കടമയുണ്ട്. ഇരുളടഞ്ഞ ഈ ലോകത്തിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സംവാഹകരാകാൻ നമ്മുക്ക് സാധിക്കട്ടെ. എല്ലാവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

**മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
**ഇടുക്കി രൂപതാ മെത്രാൻ**



## രൂപതക്കച്ചേരി

### C. 34/15 അഭിവന്ദ്യ പിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനും ഇപ്പോഴത്തെ ഇടയനായ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ഇടുക്കി രൂപതാ കുടുംബത്തിന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

### C.35/12 വി. മൂറോൻ

പെസഹാ വ്യാഴാഴ്ച അഭിവന്ദ്യ പിതാവ് കൂദാശ ചെയ്യുന്ന വി. മൂറോൻ എത്രയും വേഗം പള്ളികളിലേക്ക് കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ. മാമ്മോദീസായ്ക്കുള്ള തൈലവും ജലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനും പുതുതായി കൂദാശ ചെയ്ത വി. മൂറോനാണ് ഉപയോഗിക്കേണ്ടത്.

### C. 36/15 വൈദികർക്കായുള്ള സ്റ്റഡി ഫോറം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2015 ഏപ്രിൽ 21, 22 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

അടിമാലി : ഏപ്രിൽ 21 (ചൊവ്വ)
ഇരട്ടയാർ : ഏപ്രിൽ 22 (ബുധൻ)
സമയം: 10.00 am -4.00 pm

## C. 37/15 പള്ളികളിലെ ഫോൺ ബില്ലിനെ സംബന്ധിച്ച്

2015 ഫെബ്രുവരി 17-ാം തീയതി രൂപതാ കേന്ദ്രത്തിൽ സമ്മേളിച്ച രൂപതാ ആലോചനാ സമിതിയുടെ യോഗത്തിൽ വച്ച് പള്ളികളിലെ ഫോൺ ബില്ലിനെ സംബന്ധിച്ച് തീരുമാനമെടുക്കുകയുണ്ടായി. അതിൻപ്രകാരം ലാന്റ് ഫോണിന്റെ ചാർജും മൊബൈൽ ഫോണിന്റെ ഇനത്തിൽ പരമാവധി 250 രൂപ വരെയും പള്ളി യിൽ നിന്നും എടുക്കാവുന്നതാണെന്ന് തീരുമാനിച്ചു. ഏപ്രിൽ മാസം മുതൽ ഇതു പ്രാബല്യത്തിൽ വരുന്നതായിരിക്കും.

## C. 38/15 തിരുനാൾ ആശംസകൾ

| | | |
|---|---|---|
| റവ. ഫാ. ജോർജ്ജ് | ചക്കാങ്കൽ | ഏപ്രിൽ 24 |
| റവ. ഫാ. ജോർജ്ജ് | കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോർജ്ജ് | കൊല്ലംപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് | കുഴിപ്പള്ളിൽ | ” |
| റവ. ഫാ. ജോർജ്ജ് | പാട്ടത്തെക്കുഴി | ” |
| റവ. ഫാ. ജോർജ്ജ് | തകടിയേൽ | ” |
| റവ. ഫാ. ജോർജ്ജ് | തുമ്പനിരപ്പേൽ | ” |
| റവ. ഫാ. ജോർജ്ജ് | നിരവത്ത് | ” |
| റവ. ഫാ. ജോർജ്ജ് | വലിയവീട്ടിൽ | ” |
| റവ. ഫാ. ജോർജ്ജ് | കരിവേലിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് | ഇടവഴിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് | കരിന്തേൽ | ” |
| റവ. ഫാ. ജോർജ്ജ് | മുല്ലൂർ | ” |
| റവ. ഫാ. ജോർജ്ജ് | നല്ലൂക്കുന്നേൽ | ” |
| റവ. ഫാ. ജോർജ്ജ് | കുഴിപ്പള്ളിൽ (ജൂണിയർ) | ” |
| റവ. ഫാ. മർക്കോസ് | ചിറ്റേമാരിയിൽ | ഏപ്രിൽ 25 |



## C. 39/15 സമർപ്പിത വർഷം

### അഖണ്ഡ ആരാധന

സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി രൂപതയിലെ സമർപ്പിതസമൂഹങ്ങളിൽ അഖണ്ഡാരാധന ആരംഭിച്ചത് 2015 ഫെബ്രുവരി 2-ന് ആയിരുന്നല്ലോ. 13 മണിയാരാധന ആയിട്ടാണ് അഖണ്ഡാരാധന നടത്തേണ്ടത്. അതാതു ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചനുമായി ആലോചിച്ച് ഇടവക ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ആരാധന നടത്തി സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ബഹു. സമർപ്പിതർ ശ്രദ്ധിക്കുമല്ലോ. ജൂലൈ 15 വരെയുള്ള അഖണ്ഡാരാധനയുടെ ദിവസക്രമീകരണമാണ് താഴെ കൊടുത്തിരിക്കുക. അതിനുശേഷമുള്ളത് പിന്നാലെ അറിയിക്കുന്നതാണ്. അഖണ്ഡാരാധന രാത്രിയിൽ നടത്തേണ്ടതില്ല.

| | | | |
|---|---|---|---|
| മെയ് | 1. | എസ്.ഡി കോൺവെന്റ് | കാഞ്ചിയാർ |
| | 2. | എസ്.ഡി കോൺവെന്റ് | കുരിശുപാറ |
| | 3. | എസ്.ഡി കോൺവെന്റ് | മാങ്കുളം |
| | 4. | എസ്.ഡി കോൺവെന്റ് | മുരിക്കാശ്ശേരി |
| | 5. | എസ്.ഡി കോൺവെന്റ് | നച്ചിവയൽ |
| | 6. | എസ്.ഡി കോൺവെന്റ് | ഓർക്കാട്(വട്ടവട) |
| | 7. | എസ്.ഡി കോൺവെന്റ് | പാണ്ടിപ്പാറ |
| | 8. | എസ്.ഡി കോൺവെന്റ് | പണിക്കൻകുടി |
| | 9. | എസ്.ഡി കോൺവെന്റ് | രാജപുരം |
| | 10. | എസ്.ഡി കോൺവെന്റ് | സഹായഗിരി |
| | 11. | എസ്.ഡി കോൺവെന്റ് | തോക്കുപാറ |
| | 12. | എസ്.ഡി കോൺവെന്റ് | തോവരയാർ |
| | 13. | എസ്.ഡി കോൺവെന്റ് | ഉദയഗിരി |
| | 14. | സി.എസ്.എൻ കോൺവെന്റ് | അടിമാലി |
| | 15. | സി.എസ്.എൻ കോൺവെന്റ് | ഭൂമിയാംകുളം |

| | | | |
|---|---|---|---|
| | 16. | സി.എസ്.എൻ കോൺവെന്റ് | ദേവികുളം |
| | 17. | സി.എസ്.എൻ കോൺവെന്റ് | ജോസ്പുരം |
| | 18. | സി.എസ്.എൻ കോൺവെന്റ് | കാന്തല്ലൂർ |
| | 19. | സി.എസ്.എൻ കോൺവെന്റ് | കീരിത്തോട് |
| | 20. | സി.എസ്.എൻ കോൺവെന്റ് | മറയൂർ |
| | 21. | സി.എസ്.എൻ കോൺവെന്റ് | നാലുമുക്ക് |
| | 22. | സി.എസ്.എൻ കോൺവെന്റ് | സ്നേഹഗിരി |
| | 23. | സി.എസ്.എൻ കോൺവെന്റ് | മഞ്ഞപ്പാറ |
| | 24. | എം.എസ്.ജെ കോൺവെന്റ് | എല്ലക്കൽ |
| | 25. | എം.എസ്.ജെ കോൺവെന്റ് | കോഴിമല |
| | 26. | ഡി.എം കോൺവെന്റ് | കിളിയാർകണ്ടം |
| | 27. | ഡി.എം കോൺവെന്റ് | പല്ലനാട് |
| | 28. | സി.എസ്.എം കോൺവെന്റ് | മുക്കുടം |
| | 29. | ഡി.ഡി.എസ് കോൺവെന്റ് | തങ്കമണി |
| | 30. | എഫ്.എസ്.ഡി കോൺവെന്റ് | നെടുംകണ്ടം |
| | 31. | എഫ്.എസ്.ഡി കോൺവെന്റ് | തോപ്രാംകുടി |
| ജൂൺ | 1. | എഫ്എസ്.എൽ.ജി കോൺവെന്റ് | വാഴത്തോപ്പ് |
| | 2. | എഫ്.എം.എം കോൺവെന്റ് | മഞ്ഞപ്പട്ടി |
| | 3. | എഫ്എസ്.എച്ച്എ കോൺവെന്റ് | തങ്കമണി |
| | 4. | സി.എച്ച്.എഫ് കോൺവെന്റ് | ചിന്നാർനിരപ്പ് |
| | 5. | എസ്.കെ.ഡി കോൺവെന്റ് | മേരിലാന്റ് |
| | 6. | എൽ.എ.ആർ കോൺവെന്റ് | വെള്ളക്കയം |
| | 7. | ഡി.എസ്.റ്റി കോൺവെന്റ് | കരിമ്പൻ |
| | 8. | ഡി.എസ്.റ്റി കോൺവെന്റ് | നീലിവയൽ |
| | 9. | എം.എൽ.എഫ് കോൺവെന്റ് | ബൈസൻവാലി |
| | 10. | എൻ.എസ്. കോൺവെന്റ് | പേഴുംകണ്ടം |
| | 11. | എസ്.എം.സി കോൺവെന്റ് | ചെല്ലിയാംപാറ |
| | 12. | എസ്.എം.സി കോൺവെന്റ് | മുരിക്കാശ്ശേരി |
| | 13. | എസ്.എം.സി കോൺവെന്റ് | പെരിഞ്ചാംകുട്ടി |
| | 14. | എസ്.എം.സി കോൺവെന്റ് | ശാന്തിഗ്രാം |
| | 15. | എസ്.എം.എം.ഐ കോൺവെന്റ് | മണിയാറൻകുടി |
| | 16. | എഫ്.എം.എ കോൺവെന്റ് | കനകക്കുന്ന് |
| | 17. | എസ്.സി.എസ്.സി കോൺവെന്റ് | നെടുംകണ്ടം |
| | 18. | എസ്.എം.എസ് കോൺവെന്റ് | മുളകുവള്ളി |



| | | | |
|---|---|---|---|
| | 19. | എസ്.എം.എസ് കോൺവെന്റ് | കുത്തുപാറ |
| | 20. | എസ്.എം.എസ് കോൺവെന്റ് | ഇരട്ടയാർ |
| | 21. | ദൈവമാതാ ആശ്രമം | മാങ്കടവ് |
| | 22. | എസ്.സി.ജെ.ജി കോൺവെന്റ് | ആൽപാറ |
| | 23. | എസ്.സി.സി.ജി കോൺവെന്റ് | രാജാക്കാട് |
| | 24. | സി.എസ്.എസ് കോൺവെന്റ് | രാജകുമാരി |
| | 25. | എം.എം.എസ് കോൺവെന്റ് | നെടുംകണ്ടം |
| | 26 | സി. എം. ഐ | അടിമാലി |
| | 27 | സി. എം. ഐ | കാൽവരിമൗണ്ട് |
| | 28 | സി. എം. ഐ | പാറേമാവ് |
| | 29 | സി. എം. ഐ | കൊരണ്ടക്കാട് |
| | 30 | സി. എം. ഐ | വട്ടവട |
| ജൂലൈ | 1 | സി. എം. എഫ് | വെൺമണി |
| | 2 | സി. എസ്. റ്റി | മുല്ലക്കാനം |
| | 3 | സി. എസ്. എസ്. ആർ | മച്ചിപ്ലാവ് |
| | 4 | സി. എസ്. റ്റി (ബ്രദേഴ്സ്) | കാന്തിപ്പാറ |
| | 5 | എ. സി. ബി. എസ് | കോമ്പയാർ |
| | 6 | എ. സി. ബി. എസ് | ഉടുമ്പൻചോല |
| | 7 | ഒ. കാർമെലിറ്റിസ് | മരിയാപുരം |
| | 8 | ഒ. സി.ഡി | ചെങ്കുളം |
| | 9 | ഒ. എഫ്. എം. (Cap.) | കട്ടപ്പന |
| | 10 | ഒ. എഫ്. എം. (Cap.) | തോപ്രാംകുടി |
| | 11 | ഒ. എഫ്. എം. (Cap.) | എടമറ്റം |
| | 12 | ഒ. എഫ്. എം. (Conv.) | വെള്ളയാംകുടി |
| | 13 | എസ്. എ. സി. | കുതിരക്കല്ല് |
| | 14 | വി. സി | പടമുഖം |
| | 15 | വി. സി | സഹായഗിരി |

**C.40/15 ഇടുക്കി രൂപതാ വൈദിക ക്ഷേമസമിതി**

ഇടുക്കി രൂപതാ വൈദിക ക്ഷേമസമിതിയുടെ പുതിയ നിർവ്വാഹക സമിതിഅംഗങ്ങളായി താഴെപ്പറയുന്ന ബ. വൈദികർ തിരഞ്ഞെടുക്കപ്പെട്ടു.

1. റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ
2. „ ജോസ് പ്ലാച്ചിക്കൽ

3. „ ജോസ് കരിവേലിക്കയ്ൽ
4. „ ജോസഫ് പാപ്പാടി
5. „ ഫിലിപ്പ് പാറയ്ക്കൽ
6. „ ജോസ് ചിറ്റടിയിൽ
7. „ ജോസഫ് തച്ചുകുന്നേൽ
8. „ ജോർജ്ജ് തകിടിയേൽ
9. „ ഫ്രാൻസീസ് അമ്പലത്തിങ്കൽ
10. „ എമ്മാനുവേൽ കുത്തനാപ്പള്ളിൽ
11. „ സ്കറിയ ഉറുമ്പിൽ

പുതിയ ഭാരവാഹികൾക്ക് എല്ലാ ഭാവുകങ്ങളും തെരഞ്ഞെടുപ്പു കമ്മറ്റി അംഗങ്ങളായി സ്തുത്യർഹവും കാര്യക്ഷമവുമായി പ്രവർത്തിച്ച പെ.ബ. സെബാസ്റ്റ്യൻ എടാട്ടേൽ, ഫ്രാൻസീസ് എടവക്കണ്ടം, ബ. മാത്യു തടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

- പ്രോട്ടോ സിഞ്ചെല്ലൂസ്

C.41/15 **രൂപതക്കച്ചേരിയിൽ ലഭിച്ച 2013-2014 ലെ പിരിവുകൾ**

| | |
|---|---|
| 1. Major Seminarian Fund | 2013-14 |
| 2. DF - Diocesan Fund | 2013-14 |
| 3. HC - HOLY CHILDHOOD | - FEBRUARY |
| 4. BS - BIBLE SUNDAY | - JUNE |
| 5. PP - PETER'S PENSE | - JUNE |
| 6. MS - MISSION SUNDAY | - OCTOBER |
| 7. VF - VOCATION FUND | - APRIL |
| 8. CMF-COMMUNICATION MEDIA FUND | -NOVEMBER-16 |
| 9. JS - JUSTICE SUNDAY | - AUGUST |
| 10. GF - GOOD FRIDAY | - APRIL |
| 11. MEC- SABHADHINAM | - JULY-3 |
| 12. SMMS - SYRO MALABAR MISSION | - JANUARY-6 |
| 13. YD - YOUTH DAY | - JULY |
| 14. TM -TEMPERANCE DAY | - JANUARY 25 |
| 15. JF - JESUS FRATERNITY | - AUGUST |



| Sl. No. | NAME OF PARISH | Major Seminary | D.F. | H.C. | B.S. | P.P. | M.S. | V.F. | C.M.F. | J.S. | G.F. | M.E.C. | S.M.M.S | Y.D. | T.M | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Adimaly | 25000 | 35625 | 200 | 300 | 150 | 5844 | 150 | 150 | 150 | 250 | 5000 | 1000 | 200 | 300 | 150 |
| 2 | Alpara | | | | | | 1000 | | | | | | | | | |
| 3 | Alphonsanagar | | | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 100 | 100 | | |
| 4 | Anakulam | 13000 | | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 100 | 100 | 100 | |
| 5 | Ayiramekar | | 15000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | | 100 | |
| 6 | Bethel | 15000 | 10000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | | | |
| 7 | Bhoomiyamkulam | 12000 | 10000 | 200 | 200 | 300 | 500 | 200 | 200 | 200 | 500 | 1800 | 200 | 500 | 200 | |
| 8 | Bisonvalley | 5000 | 4000 | 100 | 100 | 100 | 200 | 100 | 100 | 100 | | 200 | 100 | 100 | 100 | 100 |
| 9 | Calvarymount | 13000 | 12000 | 250 | 250 | 1500 | 500 | 250 | 250 | 250 | | 1000 | 250 | 250 | 250 | |
| 10 | Chelliampara | 6000 | 6000 | 100 | 100 | 100 | 200 | 200 | 100 | 100 | 500 | 100 | 100 | 100 | 100 | 100 |
| 11 | Chembalam | 6000 | 4000 | 50 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 50 | 50 | 50 |
| 12 | Chemmannar | 12000 | 20000 | 200 | 200 | 200 | 2000 | 200 | 200 | 200 | 5000 | | 350 | 200 | 200 | 200 |
| 13 | Chempakappara | 15000 | 10000 | 100 | 100 | 200 | 100 | 100 | 100 | 100 | 1708 | 1100 | 100 | 200 | 200 | |
| 14 | Chinnar nirappu | | | 300 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 100 | |
| 15 | Churuly | 15000 | 7000 | 500 | 500 | 500 | 500 | 500 | 500 | 500 | | 1500 | 500 | 1000 | 500 | |
| 16 | Eattithope | 15000 | 15155 | 100 | 100 | 100 | 12000 | 100 | 100 | 100 | | 1500 | 500 | | 400 | |
| 17 | Ellakal | 20000 | 10065 | 500 | 250 | 250 | 1000 | 250 | 500 | | 1000 | 1700 | 1000 | 500 | | 250 |
| 18 | Erattayar | 12000 | | 250 | 400 | 350 | 2000 | 300 | 300 | 300 | | 2000 | 500 | | 300 | |
| 19 | Ezhukumvayal | 25000 | 30000 | 500 | 500 | 1000 | 2000 | 500 | 500 | 500 | 2000 | 3800 | 2000 | 1000 | 500 | |

| Sl. No. | NAME OF PARISH | Major Seminary | D.F. | H.C. | B.S. | P.P. | M.S. | V.F. | C.M.F. | J.S. | G.F. | M.E.C. | S.M.M.S | Y.D. | T.M | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 20 | Georgiar | 3500 | 3500 | 100 | 100 | 100 | 1000 | 100 | 100 | 100 | | 100 | 100 | 100 | 100 | |
| 21 | Idukki | 10000 | 5000 | 100 | 100 | 200 | 500 | 100 | 100 | 100 | 500 | 750 | 100 | 100 | 100 | |
| 22 | Irumpupalam | | 10150 | 150 | 150 | 150 | 200 | 150 | 150 | 150 | | 700 | 200 | 150 | 150 | 150 |
| 23 | Josegiri | 11225 | | 150 | 150 | 150 | 250 | 150 | 150 | 150 | 150 | 1500 | 250 | 150 | 150 | 150 |
| 24 | Josepuram | 3000 | 3000 | 250 | 250 | 250 | 500 | 250 | 250 | 250 | | 250 | 250 | 250 | 250 | 250 |
| 25 | Kailasam | 12000 | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1400 | 100 | 200 | 100 | |
| 26 | Kallar | | | | | | | | | | | | | | | |
| 27 | Kallarkutty | | | 100 | 100 | 150 | 200 | 100 | 100 | 100 | 100 | 750 | 200 | | 100 | 100 |
| 28 | Kallupalam | 12000 | 13300 | 100 | 100 | 100 | 200 | 100 | 100 | 100 | | 300 | 200 | 100 | 100 | |
| 29 | Kanakakkunnu | 13000 | 15000 | 100 | 100 | 100 | 2000 | 100 | 100 | 100 | 100 | 2000 | 100 | | 100 | |
| 30 | Kanchiyar | 10000 | 5000 | 100 | 100 | 500 | 100 | 100 | 100 | 100 | | 1000 | | | 100 | |
| 31 | Kamakshy | | 5000 | | | | | | | | | | | | | |
| 32 | Kanjikuzhy | 25000 | 10000 | | | | | | | | | | | | | |
| 33 | Kanthalloor | | 2000 | | | | | | | | | | | | | |
| 34 | Kanthippara | 15000 | 15000 | 200 | 250 | 200 | 1000 | 250 | 250 | 250 | 500 | 2000 | 200 | | 200 | 250 |
| 35 | Karikumtholam | | | | | | 10000 | | | | | | | | | |
| 36 | Karimpan | 8500 | | 100 | 100 | 1000 | 200 | 100 | 100 | 100 | | 1500 | 100 | | | |
| 37 | Karithodu | 5000 | 5000 | 150 | 150 | 200 | 250 | 200 | 150 | 150 | 250 | 777 | 250 | 200 | 150 | 150 |
| 38 | Keerithodu | | | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 1721 | 200 | 200 | 200 | 200 |



| Sl. No. | NAME OF PARISH | Major Seminary | D.F. | H.C. | B.S. | P.P. | M.S. | V.F. | C.M.F. | J.S. | G.F. | M.E.C. | S.M.M.S | Y.D. | T.M | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 39 | Kiliyarkandam | | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1260 | 100 | 2000 | 100 | |
| 40 | Kombayar | | | 100 | 150 | 150 | 300 | 150 | 250 | 200 | 200 | 500 | 200 | 250 | 200 | 200 |
| 41 | Koompanpara | 15000 | | 500 | 500 | 500 | | 500 | 500 | 500 | 500 | 1000 | 500 | 500 | 500 | 500 |
| 42 | Korandakadu | | | | | | | | | | | | | | | |
| 43 | Kozhimala | 4500 | 4500 | 100 | 100 | 100 | 200 | 100 | 100 | 100 | | 600 | 100 | 100 | 100 | |
| 44 | Kunchithanny | 10000 | | 250 | 250 | 250 | 250 | 500 | 250 | 250 | 500 | 2500 | 250 | | 250 | |
| 45 | Kurisupara | | | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 475 | 100 | 100 | |
| 46 | Kuthirakallu | 25000 | 10000 | 100 | 100 | 300 | 150 | 100 | 100 | 100 | 200 | 850 | 200 | 100 | 100 | 100 |
| 47 | Kuthupara | | | 50 | 100 | 50 | 100 | 50 | 50 | 50 | 100 | 150 | 50 | 50 | 200 | |
| 48 | Lower Periyar | | | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | |
| 49 | Lower Kulamavu | | 3830 | | | | 2000 | | | | | | | | | |
| 50 | Machiplavu | 15000 | 10000 | 150 | 150 | 150 | 200 | 150 | 150 | 150 | | 1100 | 200 | 150 | 150 | 150 |
| 51 | Mailadumpara | 12000 | 10000 | 100 | 100 | | 100 | | | | 200 | 700 | 150 | | | |
| 52 | Makkuvally | | | | | | | | | | | | | | | |
| 53 | Maniyaramkudy | 15000 | 4940 | 150 | 100 | 100 | 100 | 150 | 150 | 150 | 200 | 700 | 100 | 100 | 100 | |
| 54 | Manjappara | | | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 2500 | 100 | 100 | 100 | |
| 55 | Manjapetty | 7000 | 5000 | 50 | 100 | 100 | 100 | 100 | 100 | 100 | 200 | 300 | 100 | 100 | 100 | 100 |
| 56 | Mankulam | 12000 | 10000 | 100 | 200 | 200 | 200 | 100 | 100 | 100 | 200 | 2125 | 275 | 200 | 200 | |
| 57 | Mankuva | 10000 | 5000 | 100 | 100 | 150 | 150 | 100 | 100 | 100 | 150 | 1250 | 150 | 100 | 100 | 100 |

| Sl. No. | NAME OF PARISH | Major Seminary | D.F. | H.C. | B.S. | P.P. | M.S. | V.F. | C.M.F. | J.S. | G.F. | M.E.C. | S.M.M.S. | Y.D. | T.M | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 58 | Mariyapuram | 25000 | 21000 | 500 | 500 | 1500 | 4500 | 500 | 500 | 500 | 1000 | 2500 | 1000 | 1000 | 500 | 500 |
| 59 | Maryland | 1500 | | 200 | 100 | 100 | 1000 | 200 | 100 | 150 | 500 | 1400 | 150 | 500 | 100 | 600 |
| 60 | Mavady | 24000 | 13075 | 250 | 250 | 250 | 250 | 100 | 250 | 250 | 500 | 2210 | 250 | | 500 | |
| 61 | Mukkudam | 5000 | 10000 | 200 | 200 | 300 | 500 | 200 | 200 | 200 | 500 | 500 | 250 | 250 | 200 | 250 |
| 62 | Mulakaramedu | 25000 | 10000 | 500 | 500 | 1000 | 500 | 250 | 250 | 250 | 1000 | 2500 | 250 | 250 | 250 | |
| 63 | Mulakuvally | | | 100 | 100 | 200 | 200 | 100 | 100 | 100 | | 100 | 100 | 100 | | |
| 64 | Murickassery | 25000 | 35000 | 1200 | 1600 | 9801 | 6200 | 1000 | 1300 | 1250 | | 5375 | 3800 | | 3865 | |
| 65 | Murickumthotty | 5000 | 10000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 2150 | 200 | | 200 | 200 |
| 66 | Muttukadu | 14160 | | | 100 | 100 | 200 | 100 | 100 | 100 | | 500 | 100 | 100 | 100 | |
| 67 | Narakakkanam | 18500 | 10000 | 100 | 100 | 200 | 200 | 100 | 100 | 100 | 500 | 600 | 100 | | | |
| 68 | Nazarath valley | 15000 | 3000 | 150 | 250 | 250 | 200 | 200 | 200 | 500 | 200 | 1080 | 100 | 500 | 200 | 200 |
| 69 | Nazareth | 10000 | 6000 | 250 | 300 | 200 | 400 | 200 | 200 | 200 | 300 | 2500 | 250 | 300 | 200 | 200 |
| 70 | Nedumkandam | 25000 | 30000 | 750 | 750 | 6000 | 7000 | 750 | 750 | 1000 | 1500 | 4000 | 1500 | | 1500 | 750 |
| 71 | Neelivayal | 6000 | | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 770 | 100 | 300 | 100 | |
| 72 | Nellippara | 12000 | 8000 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 500 | 150 | 150 | 150 | |
| 73 | Painavu | 3000 | 2000 | 150 | 150 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 |
| 74 | Palar | 10000 | 5050 | 100 | 100 | 500 | 750 | 100 | 100 | 250 | 200 | 500 | 100 | | 100 | 100 |
| 75 | Pallanad | | 1000 | | | | | | | | | | | | | |
| 76 | Panamkutty | | | 150 | 150 | 150 | 150 | 150 | 150 | 150 | | 1000 | 150 | 150 | 150 | 150 |



| Sl. No. | NAME OF PARISH | Major Seminary | D.F. | H.C. | B.S. | P.P. | M.S. | V.F. | C.M.F. | J.S. | G.F. | M.E.C. | S.M.M.S. | Y.D. | T.M | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 77 | Pandippara | 10000 | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 2300 | 100 | 100 | 100 | |
| 78 | Panickankudy | 25000 | 10000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 2000 | 250 | | | |
| 79 | Panniyarkutty | | 2000 | 100 | 100 | 450 | 100 | 100 | 100 | 100 | | 1000 | 100 | 100 | 100 | |
| 80 | Parathodu | 14000 | 10000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 1500 | 200 | 200 | | |
| 81 | Pazhayarikandom | | | | | | | | | | | | | | | |
| 82 | Perinchamkutty | | | 100 | 100 | 100 | 250 | 100 | 100 | 100 | 100 | 1250 | 100 | 1000 | | |
| 83 | Pezhumkandam | | 7000 | 100 | 100 | 100 | 730 | | 100 | 100 | | 1750 | 200 | 100 | 100 | 100 |
| 84 | Ponmudy | 20000 | 22000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1500 | 100 | 100 | 100 | |
| 85 | Ponnedathan | | | | | | | | | | | | | | | |
| 86 | Pottenkadu | | | 200 | 200 | 200 | 200 | 200 | 200 | 200 | | 2500 | 1000 | 200 | | 200 |
| 87 | Rajakkadu | 25000 | | 250 | 250 | 250 | 250 | 100 | 100 | 100 | 250 | 4000 | 250 | 250 | 250 | |
| 88 | Rajakumary | 25000 | | 100 | 200 | 200 | 200 | 100 | 100 | 100 | 200 | 300 | 200 | 100 | 100 | 100 |
| 89 | Rajamudy | | | 200 | 500 | 500 | 1000 | 500 | 500 | 500 | 2000 | 2900 | 250 | 500 | 300 | 250 |
| 90 | Rajapuram | 20000 | 6000 | 200 | 300 | 500 | 500 | 200 | 200 | 200 | 200 | 700 | 200 | 500 | 200 | |
| 91 | Sahayagiri | | 15000 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 1400 | 100 | 100 | 100 | 100 |
| 92 | Sangulam | | | | | | | | | | | | | | | |
| 93 | Santhigram | 15000 | 10000 | 250 | 500 | 500 | 350 | 500 | 300 | 300 | | 1000 | 500 | | 300 | |
| 94 | Sleevamala | | | 100 | 100 | 600 | 100 | 100 | 100 | 100 | | 1100 | 100 | 100 | 200 | |
| 95 | Snehagiri | 10000 | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 500 | 1400 | 100 | | 100 | 100 |

| Sl. No. | NAME OF PARISH | Major Seminary | D.F. | H.C. | B.S. | P.P. | M.S. | V.F. | C.M.F. | J.S. | G.F. | M.E.C. | S.M.M.S | Y.D. | T.M | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 96 | Thankamany | 25000 | 15000 | 250 | 150 | 250 | 1150 | 150 | 150 | 150 | 2000 | 4000 | 150 | | 500 | 500 |
| 97 | Thannikandam | 12000 | 6000 | 100 | 100 | 100 | 1000 | 100 | 100 | 100 | 200 | 760 | 100 | 500 | 100 | |
| 98 | Thinkalkadu | 5000 | 5000 | | | | | | | | | 960 | | | | |
| 99 | Thokkupara | 13000 | 15000 | 300 | 300 | 500 | 500 | 200 | 300 | 200 | 500 | 5000 | 300 | 300 | | 200 |
| 100 | Thookupalam | 6000 | 3780 | 100 | 100 | 100 | 100 | 100 | 100 | 100 | | 200 | 100 | 100 | 100 | |
| 101 | Thoprankudy | 25000 | 6500 | 1500 | 1500 | 1500 | 2500 | 1500 | 1500 | 1500 | 3200 | 1000 | 1500 | | 1500 | 1500 |
| 102 | Thovarayar | 12000 | 2000 | 100 | 100 | 200 | 200 | 100 | 100 | 100 | | 100 | 100 | | | |
| 103 | Udayagiri | 25000 | 27000 | 200 | 250 | 250 | 500 | 200 | 250 | 200 | 500 | | 250 | 300 | 200 | |
| 104 | Upputhodu | 25000 | 25000 | 100 | 200 | 1500 | 1000 | 200 | 200 | 200 | 3000 | 2608 | 500 | 200 | 200 | |
| 106 | Vathikudy | 5000 | 5000 | 200 | 200 | 200 | 500 | 200 | 200 | 200 | 500 | 700 | 200 | 200 | 200 | 200 |
| 106 | Vattappara | 5000 | 4000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | | | |
| 107 | Vazhathope | 25000 | | 250 | 250 | 250 | 250 | 250 | 250 | 250 | 750 | 4750 | 250 | 250 | 250 | 250 |
| 108 | Vazhavara | 12000 | 10000 | 500 | 1500 | 1500 | 2000 | 500 | 250 | 500 | 1000 | 3000 | 3000 | 1000 | 500 | |
| 109 | Vellathooval | 22380 | 9385 | 100 | 100 | 3161 | 100 | 100 | 100 | 100 | | 1464 | 100 | 200 | 200 | |
| 110 | Vellayamkudy | 15000 | 128500 | 300 | 500 | 2500 | 7500 | 3000 | 500 | 300 | 200 | 12500 | 1000 | 500 | 300 | |
| 111 | Venmony | 15000 | 10000 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 |
| 112 | Vimalagiri | 12000 | | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 1000 | 200 | 200 | 200 | 200 |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |



C.42/15 **2013-2014 ലെ ഉത്തരാഖണ്ഡ് ദുരിതാശ്വാസ നിധിയിലേക്കും 2014-2015 ഇറാഖ് കാശ്മീർ ദുരിതാശ്വാസ നിധിയിലേക്കും ലഭിച്ച സംഭാവനകൾ**

| Sl No. | Name of Churches | Utharaghand | Kashmir | Iraque |
|---|---|---|---|---|
| 1. | Adimaly | 7600 | | |
| 2. | Antopuram | | | 2250 |
| 3. | Ayiramekar | 6000 | 2500 | 5000 |
| 4. | Bethel | | 1000 | 1000 |
| 5. | Bhoomiyamkulam | 4040 | | |
| 6. | Bisonvalley | 1000 | 2000 | |
| 7. | Calvarymount | 5000 | | |
| 8. | Chemmannar | 9000 | | |
| 9. | Churuly | 5000 | 2000 | 2000 |
| 10. | Eattithope | | | 4000 |
| 11. | Ezhukumvayal | | 5000 | 10000 |
| 12. | Josepuram | 4000 | | |
| 13. | Kanchiyar | | 2000 | |
| 14. | Kanjikuzhy | 5000 | | |
| 15. | Kanthippara | 2500 | | |
| 16. | Karimban | 5000 | | |
| 17. | Karithodu | 1500 | | |
| 18 | Kuthirakallu | 4000 | | 5200 |
| 19. | Lover Kulamavu | | 1500 | |
| 20. | Machiplavu | 6200 | 5000 | |
| 21. | Mailadumpara | 1166 | | |
| 22. | Makkuvally | 900 | | |
| 23. | Maniyaramkudy | 1000 | | |
| 24. | Mankuva | | | 1010 |
| 25. | Mariyapuram | 8000 | | |
| 26. | Maryland | | 1000 | 1000 |
| 27. | Mavady | 2500 | | |
| 28. | Murickassery | 14846 | 6000 | 5000 |

| Sl No. | Name of Churches | Utharaghand | Kashmir | Iraque |
|---|---|---|---|---|
| 29. | Murickumthotty | 5000 | | |
| 30. | Muttukadu | 2000 | | |
| 31. | Nedumkandam | 8000 | | 20000 |
| 32. | Palar | 1200 | | |
| 33. | Pandippara | | | 2000 |
| 34. | Panniyarkutty | 5000 | 2000 | 2000 |
| 35. | Parathodu | 10000 | | |
| 36. | Pazhayarikandam | 10200 | | |
| 37. | Ponmudy | 9400 | | |
| 38. | Ponnadathan | 1400 | | |
| 39. | Rajakumary | | | 10000 |
| 40. | Rajapuram | 7500 | | |
| 41. | Sleevamala | | 3000 | |
| 42. | Thinkalkadu | 1500 | | |
| 43. | Thokkupara | 3610 | | |
| 44. | Thopramkudy | 8500 | 10000 | 10000 |
| 45. | Thovarayar | | 6000 | |
| 46. | Udayagiri | 12400 | | |
| 47. | Vazhathope | 30000 | | |
| 48. | Vazhavara | | | 3000 |
| 49. | Vellathooval | 3375 | | |
| 50. | Vellayamkudy | | | 5000 |
| 51. | Vimalagiri | 4000 | | |

## C. 43/15 **പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ**

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

### രക്ഷാകരസ്നേഹത്തിന്റെ സുവിശേഷം

**(തിരുവചനഭാഗം: ലൂക്കാ 15,1–32)**

ദൈവത്തിന്റെ രക്ഷാകരസ്നേഹത്തെ ഉദാഹരിക്കുന്ന മൂന്ന് ഉപമകളാണ് ഈ തിരുവചനഭാഗം അവതരിപ്പിക്കുന്നത്: നഷ്ടപ്പെട്ട



ആടിന്റെ ഉപമ (15,3-7), നഷ്ടപ്പെട്ട നാണയത്തിന്റെ ഉപമ (15,8-10), ധൂർത്തപുത്രന്റെ ഉപമ (15,11-32). നഷ്ടപ്പെട്ട ആടിനും നാണയത്തിനും പുത്രനും പ്രാധാന്യമുണ്ട്. എങ്കിലും ഉപമകളിലെ പ്രധാന കഥാപാത്രങ്ങൾ നഷ്ടപ്പെട്ടത് അന്വേഷിക്കുകയും കണ്ടെത്തുകയും, കണ്ടെത്തുമ്പോൾ ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്ന ഇടയനും സ്ത്രീയും പിതാവുമാണ്. കാരണം അവരാണ് ദൈവത്തെ പ്രതിനിധീകരിക്കുന്നത്; ദൈവത്തിന്റെ രക്ഷാകരസ്നേഹത്തെ ഉദാഹരിച്ചുകാണിക്കുന്നത്.

ദൈവത്തിന്റെ രക്ഷാകരസ്നേഹമാണ് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. ക്രിസ്തീയജീവിതത്തെയും സമർപ്പണജീവിതത്തെയും സാധ്യമാക്കിത്തീർക്കുന്നത് ദൈവത്തിന്റെ രക്ഷാകരസ്നേഹമാണ്. ദൈവത്തിന്റെ രക്ഷാകരസ്നേഹം അനുഭവിച്ച് ആ സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കുക എന്നതാണ് ക്രൈസ്തവന്റെ പ്രേഷിതദൗത്യം. പുരോഹിതരെ സംബന്ധിച്ചിടത്തോളം അവർ ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകരാകാൻ പ്രത്യേകം വിളിക്കപ്പെട്ടവരാണ്. അജപാലനസ്നേഹമാണല്ലോ അജപാലനശുശ്രൂഷയുടെ മുഖമുദ്ര. വൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ അജപാലനശൈലി "ബലിപീഠത്തിൽനിന്നും കുമ്പസാരക്കൂട്ടിലേക്കും, കുമ്പസാരക്കൂട്ടിൽനിന്നും ബലിപീഠത്തിലേക്കും" എന്നതായിരുന്നു. പരിശുദ്ധ കുർബാനയിൽനിന്നും ദൈവത്തിന്റെ രക്ഷാകരസ്നേഹം നുകർന്ന് കുമ്പസാരമെന്ന കൂദാശയിലൂടെ അത് പാപികളായ മനുഷ്യരിലേക്ക് എത്തിക്കുക എന്നതായിരുന്നു അജപാലനശുശ്രൂഷയുടെ ലക്ഷ്യമായി അദ്ദേഹം കണ്ടിരുന്നത്. ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷയാവണം നമ്മുടെ അജപാലനശുശ്രൂഷകളെല്ലാം. ഈശോയിൽ വെളിപ്പെടുത്തപ്പെട്ട രക്ഷാകരസ്നേഹത്തിന്റെ വിവിധ മാനങ്ങളാണ് കാരുണ്യത്തിന്റെ ഉപമകൾ ഉദാഹരിക്കുന്നത്.

**1. പാപികളെ സ്വീകരിക്കുന്ന സ്നേഹം**

*"ചുങ്കക്കാരും പാപികളുമെല്ലാം അവന്റെ വാക്കുകൾ കേൾക്കാൻ അടുത്തുവന്നുകൊണ്ടിരുന്നു. ഫരിസേയരും നിയമജ്ഞരും പിറു*

*പിറുത്തു: ഇവൻ പാപികളെ സ്വീകരിക്കുകയും അവരോടുകൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു"* (15,1-2).

ഈശോയുടെ വാക്കുകൾ കേൾക്കാൻ ചുങ്കക്കാരും പാപികളുമെല്ലാം അടുത്തുവന്നുകൊണ്ടിരുന്നു എന്ന് സുവിശേഷകൻ പറയുന്നു. ചുങ്കക്കാരെയും പാപികളെയും ആകർഷിക്കുന്ന ഒരു വ്യക്തിത്വമായിരുന്നു ഈശോയുടേത്. ഈശോയുടെ ജീവിതത്തിൽ പ്രതിഫലിച്ചിരുന്ന ദൈവത്തിന്റെ രക്ഷാകരസ്നേഹമായിരുന്നിരിക്കണം ഇപ്രകാരം ആകർഷകമായ ഒരു വ്യക്തിത്വത്തിനു നിദാനമായിത്തീർന്നത്. കാരുണ്യത്തിന്റെ ഉപമകൾ പറയാൻ സാഹചര്യമൊരുക്കിയത് പാപികളോടും ചുങ്കക്കാരോടുമുള്ള ഈശോയുടെ സമീപനത്തിൽ ഫരിസേയർക്കും നിയമജ്ഞർക്കുമുണ്ടായ അസ്വസ്ഥതയാണ്. ഈശോ ചുങ്കക്കാരെയും പാപികളെയും എപ്പോഴും സ്വാഗതം ചെയ്തിരുന്നു. ചുങ്കക്കാരിൽ ഒരുവനെ ഈശോ തന്റെ ശിഷ്യനാക്കുകയും അവന്റെ ഭവനത്തിൽ ചുങ്കക്കാരോടും പാപികളോടുമൊപ്പം ഭക്ഷണത്തിനിരിക്കുകയും ചെയ്തു (മത്താ 9,9-10). ചുങ്കക്കാരിൽ പ്രധാനിയായിരുന്ന സക്കേവൂസിന്റെ വീട്ടിൽ അതിഥിയായി താമസിക്കുകയും അയാളുടെ ആതിഥേയ സൽക്കാരം സ്വീകരിക്കുകയും ചെയ്തു (ലൂക്കാ 19,1-10). തന്റെ പാദാന്തികത്തിലിരിക്കാനും പാദം ചുംബിക്കാനും തൈലം പൂശാനുമൊക്കെ ഈശോ പട്ടണത്തിലെ പാപിനിയെ അനുവദിച്ചു (ലൂക്കാ 7,36-50). സ്വീകാര്യനോ അസ്വീകാര്യനോ എന്ന പരിഗണന കൂടാതെ എല്ലാവരോടുമൊത്ത് ഭക്ഷണത്തിനിരിക്കുന്ന ഒരു ശൈലി ഈശോയുടെ പരസ്യജീവിതത്തിൽ പ്രകടമായിരുന്നു. ഭക്ഷണത്തിൽ പങ്കുചേരുക സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും ഒരടയാളമാണ്. പാപികളായ മനുഷ്യരോടുള്ള ഈ കൂട്ടായ്മ ഈശോയെ മറ്റു മനുഷ്യരിൽനിന്നും വ്യത്യസ്തനാക്കി. ഇതായിരിക്കണം പാപികൾക്കും ചുങ്കക്കാർക്കുമൊക്കെ ഈശോയുടെ വാക്കുകൾ കേൾക്കാൻ അടുത്തുവരുന്നതിന് പ്രേരകമായിത്തീർന്നത്.

ഈശോയുടെ ഈ ശൈലി ഫരിസേയർക്കും നിയമജ്ഞർക്കും ഇഷ്ടപ്പെട്ടില്ല. അവർ ഈശോയ്ക്കെതിരെ പിറുപിറുത്തു. ദൈവജനമെന്ന നിലയിൽ യഹൂദസമുദായത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുവാൻഉത്തരവാദിത്വമുള്ളവരായിരുന്നു അവർ. ദൈവമില്ലാത്തവരുമായി സമ്പർക്കം പാടില്ല എന്ന് അവർക്കു നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ നിയമലംഘകരെ, അതായത്, പാപികളെ അവർ ഒറ്റപ്പെടുത്തിയിരുന്നു. ദൈവജനത്തോടു കൂറുപുലർത്താത്തവരെന്ന നിലയിൽ ചുങ്കക്കാരെയും പാപികളുടെ ഗണത്തിൽപ്പെടുത്തിയിരുന്നു. അതുകൊണ്ട് ഈശോയുടെ ജീവിതശൈലി അവർക്ക് ഇടർച്ചയ്ക്കു കാരണമായി. ഈ പശ്ചാത്തലത്തിലാണ് ഈശോ കാരുണ്യത്തിന്റെ ഉപമകൾ പറയുന്നത്. ഈശോ പാപത്തെ കാണുന്നത് രോഗമായിട്ടാണ്. ആ രോഗത്തിൽനിന്നും പാപിയെ രക്ഷിക്കുവാനാണ് അവിടുന്നു വന്നിരിക്കുന്നത് എന്ന് വ്യക്തമായി പറയുന്നുണ്ട്: "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെ ആവശ്യം. ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്" (ലൂക്കാ 5,31-32). അതുകൊണ്ടാണ് പാപികളെ സ്വീകരിക്കുന്ന ദൈവത്തിന്റെ രക്ഷാകരസ്നേഹവുമായി ഈശോ കടന്നുവന്നത്. യഹൂദരുടെ ഭാഗത്തുനിന്നുണ്ടായ ഈ ഇടർച്ചയ്ക്ക് സമാനമായ ഒരു സ്ഥിതിവിശേഷം ഒരുപക്ഷേ ആദിമസഭയിലും ഉണ്ടായിക്കാണും. വിശുദ്ധരുടെ സമൂഹമായ സഭയുടെ കൂട്ടായ്മയിൽ പാപികളെ ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ട് ഉണ്ടായിക്കാണും. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ ഈശോയുടെ ജീവിതശൈലിയും പ്രബോധനവും സഭയ്ക്ക് അന്നും ഇന്നും എന്നും മാർഗ്ഗദർശകമാണ്. പാപികളെ മാറ്റിനിർത്താതെ അവരെ സ്വാഗതം ചെയ്യുകയും മാനസാന്തരത്തിലേക്കുള്ള ദൈവസ്നേഹത്തിന്റെ ക്ഷണം അവർക്കു നല്കുകയും ചെയ്യുവാൻ അജപാലകർക്കു കഴിയണം.



**2. പാപികളെ തേടിപ്പോകുന്ന സ്നേഹം**

"*നിങ്ങളിലാരാണ്, തനിക്കു നൂറ് ആടുകൾ ഉണ്ടായിരിക്കേ അവയിൽ ഒന്നു നഷ്ടപ്പെട്ടാൽ തൊണ്ണൂറ്റൊൻപതിനെയും മരുഭൂമിയിൽ വിട്ടിട്ട്, നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടിപ്പോകാത്തത്? കണ്ടുകിട്ടുമ്പോൾ സന്തോഷിച്ച് അതിനെ തോളിലേറ്റുന്നു. വീട്ടിൽ എത്തുമ്പോൾ അവൻ കൂട്ടുകാരെയും അയൽവാസികളെയും വിളിച്ചുകൂ*

*ട്ടിപ്പറയും: നിങ്ങൾ എന്നോടുകൂടെ സന്തോഷിക്കുവിൻ. എന്റെ നഷ്ട പ്പെട്ട ആടിനെ കണ്ടുകിട്ടിയിരിക്കുന്നു"* (15,4-6).

സുവിശേഷകൻ ആദ്യം അവതരിപ്പിക്കുന്നത് നഷ്ടപ്പെട്ട ആടിന്റെ ഉപമയാണ്. 'നിങ്ങളിലാരുണ്ട്?' എന്ന ചോദ്യരീതിയിലാണ് ഉപമ ആരംഭിക്കുന്നത്. കേൾക്കുന്നവർ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തി സന്ദേശം ഉൾക്കൊള്ളണം എന്നാണ് ഇതു സൂചിപ്പിക്കുന്നത്. ഉപമയിലെ ഇടയൻ സാമാന്യം സമ്പന്നനാണ്. നൂറ് ആടുകൾ ഉള്ളവനാണ്. എന്നിട്ടും അതിൽ ഒരാട് നഷ്ടപ്പെട്ടപ്പോൾ അതിനെ തേടിപ്പുറപ്പെട്ടു. ബാക്കി തൊണ്ണൂറ്റൊമ്പതിനെയും മരുഭൂമിയിൽ വിട്ടിട്ട് നഷ്ടപ്പെട്ട ആടിനെ തേടി പുറപ്പെട്ടു എന്നാണ് ലൂക്കാ സുവിശേഷകൻ പറയുന്നത്. തൊണ്ണൂറ്റൊമ്പതിനെയും മലയിൽ വിട്ടിട്ടാണ് നഷ്ടപ്പെട്ടതിനെ തേടിപ്പോയത് എന്നാണ് മത്തായി സുവിശേഷകൻ പറയുന്നത് (മത്താ 18,12). യൂദയായിലെ ഇടയന്മാരുടെ ജോലി വളരെ പ്രയാസമേറിയതായിരുന്നു; അപകടസാദ്ധ്യതയുള്ളതുമായിരുന്നു. ആടുകളെ മേയിക്കാൻ കൊണ്ടുപോകുന്ന പുൽത്തകിടികൾക്കടുത്ത് പാറക്കെട്ടുകളും മരുഭൂമികളുമുള്ള പ്രദേശങ്ങളുണ്ടായിരുന്നു. സംരക്ഷണഭിത്തികളില്ലാതിരുന്നതുകൊണ്ട് ആടുകൾ അലഞ്ഞുതിരിഞ്ഞ് വഴിതെറ്റിപ്പോകുവാനുള്ള സാദ്ധ്യത ഏറെയുണ്ടായിരുന്നു. ആടുകൾ നഷ്ടപ്പെട്ടാൽ അതിന്റെ ഉത്തരവാദിത്വം ഇടയന്റേതായിരുന്നു. ആടുകൾ അലഞ്ഞുതിരിഞ്ഞ് കാണാതായാൽ അവയുടെ കാല്പാടുകൾ തിരിച്ചറിഞ്ഞ് അവ പോയ വഴിയേ പോകുവാൻ വിദഗ്ദ്ധരായിരുന്നു ഇടയന്മാർ. ഒരു ആട്ടിൻപറ്റത്തിന് രണ്ടും മൂന്നും ഇടയന്മാർ ഉണ്ടായിരുന്നു. നഷ്ടപ്പെടാത്ത ആടുകളുമായി അവർ കൃത്യസമയത്ത് തിരിച്ചെത്തും. ഏതെങ്കിലും ഒരാട് നഷ്ടപ്പെട്ടാൽ ഇടയന്മാരിലൊരാൾ നഷ്ടപ്പെട്ട ആടിനെ തേടിപ്പോകുകയും കണ്ടുപിടിച്ച് തിരികെ കൊണ്ടുവരുമ്പോൾ നാട്ടുകാരെല്ലാം ഒരുമിച്ചുകൂടി സന്തോഷിക്കുന്ന പതിവുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ കേൾവിക്കാർക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുമായിരുന്ന ഒരുപമയാണ് ഈശോ പറഞ്ഞത്.

ഉപമയുടെ അർത്ഥം ഈശോതന്നെ വ്യക്തമാക്കുന്നുണ്ട്: "അതുപോലെതന്നെ, അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ ആനന്ദമുണ്ടാകും" (15,7). "സ്വർഗ്ഗത്തിൽ ആനന്ദമുണ്ടാകും" എന്നതിന്റെ അർത്ഥം "ദൈവം ആനന്ദിക്കും" എന്നാണ്. പാപിയായ ഓരോ വ്യക്തിയും ദൈവത്തിനു വിലപ്പെട്ടവനാണ്. ആരും അപ്രധാനരല്ല; അന്യരുമല്ല. ആരെയും അന്യരാക്കുന്നുമില്ല. എല്ലാവരും ദൈവത്തിന് ഏറ്റം വിലപ്പെട്ടവരും വേണ്ടപ്പെട്ടവരുമാണ്. പാപംമൂലം അകന്നുപോകുന്ന ഓരോരുത്തരെയും ദൈവം ശ്രദ്ധയോടെ അന്വേഷിക്കുന്നു. വ്യക്തിപരമായ താല്പര്യത്തോടെ പിന്തുടരുന്നു. അപ്പോൾ മറ്റുള്ളവരെക്കാൾ പ്രാധാന്യം നഷ്ടപ്പെട്ടതിനു നല്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടുകിട്ടുമ്പോൾ, പാപി തിരിച്ചെത്തുമ്പോൾ, സ്വർഗ്ഗത്തിൽ, അഥവാ ദൈവത്തിന് വലിയ ആനന്ദമുണ്ടാകുന്നു. പങ്കുവയ്ക്കുമ്പോൾ ആനന്ദം ഇരട്ടിക്കുമല്ലോ. പാപി അനുതപിച്ച് ദൈവസ്നേഹത്തിലേക്ക് തിരിച്ചുവരുമ്പോൾ ദൈവത്തിന്റെ സൗഭാഗ്യത്തിലും ആനന്ദത്തിലും പങ്കുചേരുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. നഷ്ടപ്പെട്ടു പോയ ആടിനെ കണ്ടെത്തുന്നതുവരെ അന്വേഷിച്ചുപോകുന്ന ഇടയൻ നല്ല ഇടയനായ ഈശോയുടെ പ്രതിരൂപമാണ്. സഭാകൂട്ടായ്മയിൽനിന്നും വിട്ടുനില്ക്കുന്നവരെ തേടിപ്പോകുവാനും അവരെ സഭാകൂട്ടായ്മയിലേക്ക് തിരിച്ചുകൊണ്ടുവരുവാനും ഇത് അജപാലകർക്ക് പ്രചോദനമാകണം.



**3. ദൈവം മുൻകൈ എടുക്കുന്ന സ്നേഹം**

*"ഏതു സ്ത്രീയാണ്, തനിക്കു പത്തു നാണയമുണ്ടായിരിക്കേ, അതിൽ ഒന്നു നഷ്ടപ്പെട്ടാൽ വിളക്കുകൊളുത്തി വീട് അടിച്ചുവാരി, അതു കണ്ടുകിട്ടുവോളം ഉത്സാഹത്തോടെ അന്വേഷിക്കാത്തത്? കണ്ടുകിട്ടുമ്പോൾ അവൾ കൂട്ടുകാരെയും അയൽവാസികളെയും വിളിച്ചുകൂട്ടിപ്പറയും: എന്നോടുകൂടെ സന്തോഷിക്കുവിൻ. എന്റെ നഷ്ടപ്പെട്ട നാണയം വീണ്ടുകിട്ടിയിരിക്കുന്നു. അതുപോലെതന്നെ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിന്റെ ദൂതന്മാരുടെ മുമ്പിൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു"* (15,8-10).

നഷ്ടപ്പെട്ട നാണയത്തിന്റെ ഉപമയ്ക്ക് പ്രത്യേക മുഖവുരയൊന്നുമില്ല. കാണാതായ ആടിന്റെ ഉപമയോടു ചേർത്തു പറഞ്ഞി

രിക്കുകയാണ്. ഇതിലെ പ്രധാന കഥാപാത്രം ഒരു സ്ത്രീയാണ്. അവൾ സമ്പന്നയല്ല. നഷ്ടപ്പെട്ടത് ഒരു വെള്ളിനാണയവും. അതായത്, ഒരു കൂലിവേലക്കാരന്റെ ഒരു ദിവസത്തെ കൂലിയുടെ തുക. പക്ഷേ, അത് അവൾക്കു വിലപ്പെട്ടതാണ്. ഒരുപക്ഷേ അവളുടെ അന്നന്നയാഹാരത്തിനുള്ള മാർഗ്ഗമായിരുന്നിരിക്കാം അത്. അതു കണ്ടുകിട്ടുവോളം വിശ്രമമില്ലാതെ അവൾ അന്വേഷിക്കുന്നു. ഉയരം കുറഞ്ഞതും ജനലുകളില്ലാത്തതുമായ വീടും, വെളിച്ചത്തിന് എണ്ണ വിളക്കല്ലാതെ വേറൊന്നുമില്ലാത്ത സാഹചര്യവുമായിരുന്നിരിക്കാം. അവളുടെ അന്വേഷണത്തിന് ഇടയന്റെ അന്വേഷണത്തെക്കാൾ പ്രാധാന്യം നല്കിയിരിക്കുന്നതുപോലെ തോന്നുന്നു. നഷ്ടപ്പെട്ട നാണയം കണ്ടു കിട്ടിയപ്പോൾ അവളും തന്നോടൊത്ത് ആനന്ദിക്കാൻ സ്നേഹിതരെയും അയൽക്കാരെയും ക്ഷണിച്ചു. ഈ ഉപമയും ഉദാഹരിക്കുന്നത് അനുതപിക്കുന്ന പാപിയെക്കുറിച്ചുള്ള ദൈവത്തിന്റെ ആനന്ദമാണ്. രണ്ട് ഉപമകൾ ഒന്നിനു പുറകെ ഒന്നായി അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തെക്കുറിച്ച് യഹൂദർക്ക് സ്വീകാര്യമായ ഒരു സാക്ഷ്യം നല്കുക എന്നതായിരിക്കാം. ഒരു കാര്യം വാസ്തവമാണെന്ന് സ്ഥിരീകരിക്കുവാൻ രണ്ടു സാക്ഷികളെങ്കിലും ഉണ്ടായിരിക്കണമെന്നാണല്ലോ യഹൂദപാരമ്പര്യം (നിയ 19,15). പാപികളോടും ചുങ്കക്കാരോടുമുള്ള ഈശോയുടെ ബന്ധത്തിൽ മുറുമുറുപ്പു കാട്ടിയ നിയമജ്ഞർക്കും ഫരിസേയർക്കും പാപികളോടുള്ള ദൈവത്തിന്റെ മനോഭാവത്തെപ്പറ്റി ആധികാരികമായ ഒരു സാക്ഷ്യം നല്കുവാൻ സുവിശേഷകൻ ആഗ്രഹിച്ചിരിക്കാം.

ദൈവത്തിന്റെ രക്ഷാകരമായ സ്നേഹം മുൻകൈ എടുക്കുന്ന സ്നേഹമാണെന്ന് ഈ ഉപമ എടുത്തുകാണിക്കുന്നുണ്ട്. പാപികളുടെ തിരിച്ചുവരവിന് അത്യധികം ആഗ്രഹിച്ച്, അന്വേഷിച്ച്, കണ്ടെത്തി, ആനന്ദിക്കുന്ന ദൈവപിതാവിന്റെ ചിത്രമാണ് ഈശോ ഇവിടെ അവതരിപ്പിക്കുന്നത്. പാപി മാനസാന്തരപ്പെട്ടു കഴിഞ്ഞാലേ ദൈവത്തിന്റെ ഭാഗത്തുനിന്നു സ്നേഹമുണ്ടാകുകയുള്ളു എന്ന ധാരണയാണ് യഹൂദർക്കുണ്ടായിരുന്നത്. നീതിനിഷ്ഠരുടെ ഉയർച്ചയിലും പാപികളുടെ നാശത്തിലും സന്തോഷിക്കുന്ന ദൈവത്തിന്റെ ചിത്രമായിരുന്നു യഹൂദരുടെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നത്. അതിനെ



തിരുത്തിക്കുറിക്കുവാൻ ഈശോ ആഗ്രഹിച്ചു. മനുഷ്യൻ ദൈവത്തെ സ്നേഹിക്കുന്നതിനുമുമ്പേ ദൈവം മനുഷ്യനെ സ്നേഹിച്ചു എന്നതാണ് പുതിയനിയമത്തിലെ വെളിപ്പെടുത്തൽ: "നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (1 യോഹ 4,10). യോഹന്നാൻശ്ലീഹായുടെ ഒന്നാം ലേഖനത്തിൽ വീണ്ടും നാം വായിക്കുന്നു: "ആദ്യം അവിടുന്നു നമ്മെ സ്നേഹിച്ചു. അതിനാൽ, നാമും അവിടുത്തെ സ്നേഹിക്കുന്നു" (4,19). അതുപോലെതന്നെ ദൈവത്തിന്റെ സ്നേഹമാണ് പാപിയെ മാനസാന്തരപ്പെടുത്തുന്നതെന്നതും പ്രധാനപ്പെട്ട ഒരു യാഥാർത്ഥ്യമാണ്: "ഞാനാണു കർത്താവെന്നു ഗ്രഹിക്കുന്നതിനായി ഞാൻ അവർക്കു ഹൃദയം നല്കും. അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവുമായിരിക്കും. അവർ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരും" (ജെറ 24,7). പാപിയ്ക്ക് സ്വയം മാനസാന്തരപ്പെടാൻ സാധിക്കുകയില്ല. ദൈവത്തിന്റെ മുൻകൈ എടുക്കുന്ന സ്നേഹമാണ് പാപികളെ മാനസാന്തരപ്പെടുത്തുന്നത്. സഭാകൂട്ടായ്മയിൽനിന്നു വിട്ടുനില്ക്കുന്നവരെ ദൈവസ്നേഹസ്പർശനം നല്കി മാനസാന്തരത്തിലേക്ക് കൊണ്ടുവരുവാൻ അജപാലകർ ശ്രമിക്കണം.

### 4. പിതൃപുത്രബന്ധത്തിൽ വീണ്ടെടുക്കുന്ന സ്നേഹം

"*എന്റെ ഈ മകൻ മൃതനായിരുന്നു; അവൻ ഇതാ, വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു. അവർ ആഹ്ലാദിക്കാൻ തുടങ്ങി*" (15,24).

കഴിഞ്ഞ രണ്ട് ഉപമകളിൽ നഷ്ടപ്പെട്ട ആടും നഷ്ടപ്പെട്ട നാണയവും തിരിച്ചുകിട്ടിയതിലുള്ള ഉടമസ്ഥന്റെയും ഉടമസ്ഥയുടെയും സന്തോഷമാണ് അവതരിപ്പിച്ചതെങ്കിൽ ധൂർത്തപുത്രന്റെ ഉപമയിൽ നഷ്ടപ്പെട്ട പിതൃപുത്രബന്ധം പുനഃസ്ഥാപിക്കപ്പെട്ടതിലുള്ള പിതാവിന്റെ സന്തോഷമാണ് അവതരിപ്പിക്കുന്നത്. ഇത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. എല്ലാ മനുഷ്യരുടെയും ജീവിതത്തിലും പ്രത്യേകമായി ക്രിസ്തീയജീവിതത്തിലും ദൈവവുമായുള്ള പിതൃപുത്രബന്ധത്തിനും പരസ്പരമുള്ള സാഹോദര്യബന്ധ

ത്തിനുമുള്ള പ്രാധാന്യത്തെ എടുത്തുകാണിക്കുന്ന ഒരു ഉപമയാണ് ഇത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചതുതന്നെ പിതൃപുത്രബന്ധത്തിലാണ്: "ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. ... അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു" (ഉല്പ 1,26-27). സൃഷ്ടിയിൽത്തന്നെ ദൈവപുത്രനും പുത്രിയുമാകാനുള്ള വിളിയാണ് ദൈവം മനുഷ്യനു നല്കിയിട്ടുള്ളത്. ഈ പിതൃപുത്രബന്ധമാണ് പാപത്തിലൂടെ മനുഷ്യൻ നഷ്ടമാക്കുന്നത്. പുത്രത്വത്തിനടുത്ത അവകാശങ്ങളെല്ലാം സ്വീകരിച്ച മനുഷ്യൻ അവയെല്ലാം ധൂർത്തടിച്ച് നഷ്ടപ്പെടുത്തി. എങ്കിലും ദൈവം തന്റെ പുത്രനായ മിശിഹായിലൂടെ ഈ പുത്രത്വം പുനഃസ്ഥാപിച്ചു: "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ 1,12). ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ ഏറ്റം വലിയ പ്രവർത്തനമാണ് ദൈവപുത്രത്വത്തിന്റെ പുനഃസ്ഥാപനം (1 യോഹ 3,1). ഇതിലുള്ള ദൈവത്തിന്റെ ആനന്ദമാണ് ഈ ഉപമയിലൂടെ ഉദാഹരിക്കപ്പെടുന്നത്. പാപത്തിലൂടെ നഷ്ടപ്പെടുന്ന ദൈവപുത്രത്വം മാനസാന്തരത്തിലൂടെ പുനഃസ്ഥാപിക്കുമ്പോഴെല്ലാം പിതാവായ ദൈവം സന്തോഷിക്കുകയും പുത്രത്വത്തിനു സഹജമായ എല്ലാ അവകാശങ്ങളും നല്കി നമ്മെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലും അതിൽനിന്നുരുത്തിരിയുന്ന മനുഷ്യർ തമ്മിലുള്ള സാഹോദര്യബന്ധത്തിലും അധിഷ്ഠിതമായ സ്നേഹം മനുഷ്യന് 'ജീവൻ' ആയിമാറുന്നു. ഉപമയിലെ പിതാവിന്റെ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്: "എന്റെ ഈ മകൻ മൃതനായിരുന്നു; അവൻ ഇതാ, വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു. അവർ ആഹ്ലാദിക്കാൻ തുടങ്ങി" (15,24). മൂത്തസഹോദരനോടുള്ള പിതാവിന്റെ സംഭാഷണത്തിൽ ഈ വാക്യം ആവർത്തിക്കുന്നുണ്ട് (15,32). മനുഷ്യന് നിത്യമായ സന്തോഷവും സംതൃപ്തിയും പ്രദാനംചെയ്യുന്ന നിത്യജീവൻ പ്രാപിക്കാനുള്ള ഏക മാർഗ്ഗം ഈ സ്നേഹമാണെന്ന് ഈശോ അരുളിച്ചെയ്യുന്നുണ്ടല്ലോ: "നിത്യജീവൻ അവകാശമാക്കാൻ



എന്തു ചെയ്യണം?" എന്നു ചോദിച്ച നിയമജ്ഞന് ഈശോ നല്കിയ മറുപടിയിൽ ഇതു വ്യക്തമാണ് (ലൂക്കാ 10,25-27). ഈ ജീവനാണ് പാപം ചെയ്യുമ്പോൾ മനുഷ്യനു നഷ്ടമാകുന്നത്. മാനസാന്തരപ്പെട്ട് സ്നേഹബന്ധം പുനഃസ്ഥാപിക്കുമ്പോൾ മനുഷ്യനു വീണ്ടും ലഭിക്കുന്നത് ഈ ജീവനാണ്. മിശിഹായിലൂടെ പൂർത്തിയാക്കിയ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ലക്ഷ്യം ഈ പിതൃപുത്രബന്ധവും സാഹോദര്യബന്ധവും പുനഃസ്ഥാപിക്കുക എന്നതായിരുന്നു എന്ന് വി. യോഹന്നാന്റെ സുവിശേഷം രേഖപ്പെടുത്തുന്നുണ്ട്: "ഈശോ മരിക്കേണ്ടിയിരിക്കുന്നു എന്നു പ്രവചിക്കുകയായിരുന്നു. ... ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടിയും" (യോഹ 11,51-52). ദൈവത്തിന്റെ രക്ഷാകരസ്നേഹം അവിടുന്നുമായുള്ള പിതൃപുത്രബന്ധത്തിലും പരസ്പര സാഹോദര്യത്തിലും മനുഷ്യനെ വീണ്ടെടുക്കുന്ന സ്നേഹമാണെന്ന് ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോ വ്യക്തമാക്കുന്നു. അജപാലകരുടെ ശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതർ അജപാലന സ്നേഹസ്പർശനം നല്കി സഭാസമൂഹത്തെ ദൈവമക്കളുടെ അരൂപിയിൽ ഒരു കുടുംബമായി കെട്ടിപ്പടുക്കുവാൻ ശ്രമിക്കണം.

**5. സാഹോദര്യത്തിൽ വളർത്തുന്ന സ്നേഹം**

"*അപ്പോൾ പിതാവു പറഞ്ഞു: മകനേ, നീ എപ്പോഴും എന്നോടുകൂടെയുണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റേതാണ്. ഇപ്പോൾ നമ്മൾ ആനന്ദിക്കുകയും ആഹ്ലാദിക്കുകയും വേണം. എന്തെന്നാൽ, നിന്റെ ഈ സഹോദരൻ മൃതനായിരുന്നു; അവനിപ്പോൾ ജീവിക്കുന്നു. നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു*" (15,31-32).

മൂത്തമകൻ ജോലി കഴിഞ്ഞു തിരിച്ചുവന്നപ്പോൾ ഇളയമകനെ പിതാവ് സ്വീകരിച്ചതിന്റെ പേരിൽ കോപിക്കുകയും അകത്തു കയറാൻ വിസമ്മതിക്കുകയും ചെയ്തു (15,25-28). അവൻ തന്റെ ദീർഘനാളത്തെ വിശ്വസ്തമായ സേവനം ഓർമ്മിപ്പിച്ച് അപ്പനോടു പരാതിപ്പെടുന്നു (15,29-30). അതോടൊപ്പം ഇളയസഹോദരനെയും, അവൻ തിരിച്ചുവന്നപ്പോൾ അവനെപ്രതി അപ്പൻ ചെയ്ത കാര്യങ്ങളെപ്രതി അപ്പനെയും കുറ്റപ്പെടുത്തുന്നു (15,31). അപ്പൻ അവന്റെ

സേവനം അംഗീകരിക്കുന്നു. അതോടൊപ്പം മൂന്നു തിരുത്തലുകൾ അവനു നല്കുകയും ചെയ്യുന്നു. ഒന്നാമതായി, അപ്പനു ദാസ്യവേല ചെയ്യുന്നു എന്നു പറഞ്ഞവനെ "മകനേ" എന്നു വാത്സല്യത്തോടെ വിളിക്കുന്നു. അവൻ തന്റെ ദാസനല്ല, മകനാണെന്ന് അവനെ ഓർമ്മിപ്പിക്കുന്നു. രണ്ടാമതായി, 'നിന്റെ ഈ മകൻ' എന്നു പറഞ്ഞ് അപ്പന്റെ ചെയ്തിയെ വിമർശിച്ച മകനോട് 'നിന്റെ ഈ സഹോദരൻ' എന്നു പറയുന്നു (15,30-31). രണ്ടുപേരും അപ്പന്റെ ദാസന്മാരല്ല, പുത്രരാണ്. ഇളയവൻ മൂത്തവന്റെ സഹോദരനാണ്. അപ്പന്റെ സകല സ്വത്തും നശിപ്പിച്ചെങ്കിലും തിരിച്ചുവന്ന ഇളയവനെ സഹോദരനായി സ്വീകരിക്കണമെന്ന് അപ്പൻ അവനോട് അഭ്യർത്ഥിക്കുന്നു. മൂന്നാമതായി, അപ്പനുള്ളതെല്ലാം അവന്റേതുമാണെന്ന് ഓർമ്മിപ്പിക്കുന്നു: "എനിക്കുള്ളതെല്ലാം നിന്റേതാണ്. ഇപ്പോൾ നാം ആനന്ദിക്കുകയും സന്തോഷിക്കുകയും വേണം" (15,32). തിരിച്ചുവന്ന മകനും അവന്റെ തിരിച്ചുവരവിലുള്ള അപ്പന്റെ ആനന്ദവും സന്തോഷവും മൂത്തമകന്റേതുമായി കരുതണം. തിരിച്ചുവന്നവനെ സഹോദരനായി അവൻ സ്വീകരിക്കണം. മൂത്തമകനെ അപ്പൻ മാനസാന്തരത്തിനായി ആഹ്വാനം ചെയ്യുകയാണ്. അവനാണിപ്പോൾ മാനസാന്തരപ്പെടേണ്ടത്.

നിയമത്തിന്റെ കർക്കശമായ ബാഹ്യപാലനം മാനദണ്ഡമാക്കുന്ന ഒരു ദൈവത്തെ അവതരിപ്പിക്കുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും പ്രതിനിധിയാണ് മൂത്തമകൻ (15,2). അവർക്കു നിയമമാണ് പ്രധാനം. നിയമം നല്കുന്ന ദൈവത്തിൽനിന്നും സ്നേഹമാകുന്ന ദൈവത്തിലേക്ക് അവർ തിരിയണം. അവിടുത്തെ രക്ഷാകര സ്നേഹം അനുഭവിക്കാനും ആ സ്നേഹം സമൂഹത്തിൽ പരസ്പരം പങ്കുവയ്ക്കാനുമുള്ള പ്രായോഗികനിർദ്ദേശങ്ങളാണ് അവിടുന്നു നല്കിയിട്ടുള്ള നിയമങ്ങളെന്ന് അവർ മനസ്സിലാക്കണം. നിയമവും നിയമപാലനവും വേണ്ടെന്നല്ല ഈശോ പഠിപ്പിക്കുന്നത്. ദൈവമക്കളുടെ കുടുംബമായി പിതാവായ ദൈവത്തിനും പരസ്പരം സഹോദരങ്ങൾക്കും സ്നേഹത്തിൽ ശുശ്രൂഷ ചെയ്തു വളരുവാനും സഹോദരരെ വളർത്തുവാനും നിയമം വഴികാട്ടിയായിത്തീരണം എന്ന് ഈശോ വ്യക്തമാക്കുകയാണ്. സഭയിൽ എല്ലാവരും പാപികളാണ്; മാനസാന്തരം ആവശ്യമുള്ളവരാണ്. പാപികളും നീതിമാന്മാരും എന്ന



വേർതിരിവിന് അവിടെ പ്രസക്തിയില്ല (റോമാ 3,9). ഈശോമിശിഹായിലൂടെ നല്കപ്പെടുന്ന രക്ഷാകരസ്നേഹത്താൽ സ്പർശിക്കപ്പെട്ട് ദൈവസ്നേഹത്തിലേക്കും പരസ്പരസ്നേഹത്തിലേക്കും നിർണ്ണായകമായി തിരിഞ്ഞ് സാഹോദര്യത്തിലധിഷ്ഠിതമായ സ്നേഹത്തിൽ ജീവിക്കുന്ന ഒരു സമൂഹമായിത്തീരാനുള്ള വിളിയാണ് സഭയിൽ എല്ലാവർക്കുമുള്ളത്: "നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ" (റോമാ 12,10). "തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനുവേണ്ടി"(റോമാ 8,29)യുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയാണത്. ഈ കാഴ്ചപ്പാടിലായിരിക്കണം സഭാശുശ്രൂഷകർ അജപാലനശുശ്രൂഷ ചെയ്യേണ്ടതും. സഭയുടെ കൂട്ടായ്മയിൽനിന്നും മാറി നില്ക്കുന്നവരെ രക്ഷാകരസ്നേഹസ്പർശനം നല്കി സഭാത്മാകമായ സാഹോദര്യകൂട്ടായ്മയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. പാപികളെ സ്വീകരിക്കുന്ന ഈശോയുടെ സ്നേഹം എന്റെ അജപാലനശുശ്രൂഷയിൽ ഞാൻ എങ്ങനെ പ്രാവർത്തികമാക്കുന്നു?
2. പാപികളെ തേടിപ്പോകുന്ന അജപാലനസ്നേഹത്തോടെ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. ദൈവത്തിന്റെ മുൻകൈ എടുക്കുന്ന സ്നേഹം അജപാലനശുശ്രൂഷയിൽ എങ്ങനെ പ്രാവർത്തികമാക്കാം?
4. ദൈവവുമായി പിതൃപുത്രബന്ധത്തിൽ വളരാനും എല്ലാവരെയും വളർത്താനും ഞാൻ എത്രമാത്രം പരിശ്രമിക്കുന്നു?
5. സാഹോദര്യത്തിൽ ഇടവകാസമൂഹത്തെ വളർത്തുവാൻ നാം എങ്ങനെയെല്ലാം പരിശ്രമിക്കണം?



## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

**CJ. 22/15 വാർഷിക പരീക്ഷ**

വാർഷിക പരീക്ഷ ഏപ്രിൽ 11-ാം തീയതിയായിരിക്കും നടത്തുക. ഒന്നാം ക്ലാസ്സുമുതൽ ഒൻപതാം ക്ലാസ്സുവരെയും പതിനൊന്നാം ക്ലാസ്സിലെയും പരീക്ഷ രാവിലെ 9.00 മുതൽ 11.00 വരെയും 10, +2 ക്ലാസ്സുകളിലെ പരീക്ഷ 11.00 am മുതൽ 1.00 pm വരെയും ആയിരിക്കും. എല്ലാ സൺഡേ സ്കൂളുകളും വാർഷിക പരീക്ഷ കൃത്യസമയത്തുതന്നെ നടത്തേണ്ടതാണ്. 10, +2 ക്ലാസ്സു കളിലെ ഉത്തരപേപ്പറുകൾ B ഫോമിനോടൊപ്പം 13-ാം തീയതി 6.00 pm ന് മുമ്പായി ക്രിസ്തുജ്യോതി ഓഫീസിലോ കളക്ഷൻ സെന്ററുകളിലോ എത്തിക്കേണ്ടതാണ്.

കളക്ഷൻ കേന്ദ്രങ്ങൾ - അടിമാലി ആത്മജ്യോതി, ചുരുളി, രാജാക്കാട്, കുഞ്ചിത്തണ്ണി, നെടുംകണ്ടം, ഇരട്ടയാർ, വെള്ളത്തൂവൽ, ഇടുക്കി, ബിഷപ്ഹൗസ്, മുരിക്കാശ്ശേരി എന്നിവയായിരിക്കും.

**CJ. 23/15 സ്കോളർഷിപ്പ് പരീക്ഷ**

4 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ സ്കോളർഷിപ്പു പരീക്ഷ ഏപ്രിൽ 12-ാം തീയതി 12 മുതൽ 1.30 pm വരെയായിരിക്കും. എല്ലാ ഫോറോന കേന്ദ്രങ്ങളും, മുരിക്കാശ്ശേരി, തോപ്രാംകുടി, മാങ്കുളം എന്നീ സ്ഥലങ്ങളും പരീക്ഷാ കേന്ദ്രങ്ങളായിരിക്കും.

**CJ. 24/15 ട്രോഫികൾ**

കഴിഞ്ഞ അദ്ധ്യായന വർഷത്തിൽ സമ്മാനമായി ലഭിച്ച ട്രോഫികൾ ക്രിസ്തുജ്യോതി ഓഫീസിൽ ഉടനെ എത്തിക്കുമല്ലോ.

**CJ. 25/15 വാർഷിക റിപ്പോർട്ട്**

സുവിശേഷോത്സവ് ക്ലാസ്സുകൾ കഴിഞ്ഞ് ഏപ്രിൽ 25-ാം



തീയതിക്കുമുമ്പായി വാർഷിക റിപ്പോർട്ട് ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ സൺഡേസ്കൂൾ ഗ്രേഡ് നിർണയത്തിനു പരിഗണിക്കുന്നതല്ല.

**CJ. 26/15 ഇടവക വിഹിതം**

ഇടവക വിഹിതം ഇനിയും തന്നിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം അതു തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**CJ. 27/15 SMCC VII- ാം ക്ലാസ് പ്രതിഭാസംഗമം**

വിശ്വാസ പരിശീലനം നേടുന്ന നമ്മുടെ മക്കളുടെ ആദ്ധ്യാത്മിക സാമൂഹ്യ ജീവിതത്തിന്റെ കാഴ്ച്ചപ്പാടുകൾ നാം മനസിലാക്കേണ്ടിയിരിക്കുന്നു. സഭാ സമൂഹത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഇത് ഏറെ അർത്ഥമുള്ളതും ക്രിയാത്മകവും, കുട്ടികൾക്ക് താല്പര്യവും ജനിപ്പിക്കുന്നതുമാക്കുവാൻ ഈ വർഷവും VII- ാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് പെൺകുട്ടികൾക്കും, രണ്ട് ആൺകുട്ടകൾക്കും 2015 May 19-21 വരെ മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും. സ്കോളർഷിപ്പ് പരീക്ഷയുടെ മാർക്കാണ് തെരഞ്ഞെടുപ്പിൽ8 പ്രധാന മാനദണ്ഡമായി രൂപതാ തലത്തിൽ പരിഗണിക്കുന്നത്.

**CJ. 28/15 മതമർദ്ദനത്തിനെതിരെ സമൂഹ മനഃസാക്ഷിയെ ഉണർത്താനും, ഭാരതത്തിന്റെ മതേതരത്വം സംരക്ഷിക്കാനും**

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും മറ്റു രാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന മത മർദ്ദനങ്ങൾക്ക് എതിരെ സമൂഹ മനഃസാക്ഷിയെ ഉണർത്താൻ, സുവിശേഷോത്സവത്തിനോടനുബന്ധിച്ച് സെന്റ് തോമസ് വിഭാഗം കുട്ടികളുടെ ഒരു പ്രവർത്തനമായി ഇടവക തലത്തിൽ ഭക്തസംഘടനകളുടെ സഹകരണത്തോടെ, കുട്ടികളുടെ ഒരു റാലി സംഘടിപ്പിക്കുകയും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലും രൂപതയിലെ എല്ലാ ഭക്തസംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിലും ഏപ്രിൽ 17-ന് വെള്ളിയാഴ്ച്ച വെള്ള

യാംകുടിയിൽ വെച്ച് നടക്കുന്ന റാലിയിലും രൂപതാ മഹാസമ്മേളനത്തിലും സെന്റ് തോമസ് വിഭാഗം കുട്ടികളെ പങ്കെടുപ്പിച്ച് വിജയിപ്പിക്കുന്നതിന് ബഹു. വികാരിയച്ചൻമാരും ഹെഡ്മാസ്റ്റർമാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കുട്ടികൾ തയ്യാറാക്കുന്ന പ്ലാക്കാർഡുകൾ വെള്ളയാംകുടിക്കു കൊണ്ടുപോകുന്നതും ഉപകാരപ്രദമായിരിക്കും.

## CORPORATE EDUCATIONAL AGENCY, IDUKKI

Edn.17/15 **വാർഷിക സമ്മേളനവും അവാർഡ് വിതരണവും**

വിദ്യാഭ്യാസ ഏജൻസിയുടെ വാർഷിക സമ്മേളനം വാഴത്തോപ്പ് സെന്റ് ജോർജ് യു.പി സ്കൂളിൽ മാർച്ച് 20 ന് വെള്ളിയാഴ്ച നടത്തി. ഈ സമ്മേളനത്തിൽ വച്ച് ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപക അനദ്ധ്യാപകർക്ക് യാത്രാമംഗളങ്ങൾ ആശംസിച്ചു. പ്രവർത്തനമികവു പുലർത്തിയ സ്കൂളുകൾക്കും, പി.റ്റി.എ യ്ക്കും രൂപതാതല മത്സര പരീക്ഷകളിൽ വിജയികളായവർക്കും അവാർഡുകളും സമ്മാനങ്ങളും വിതരണം ചെയ്തു. വികാരി ജനറാൾ മോൺ ജയിംസ് മംഗലശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഫാ. എബ്രാഹം പുറയാറ്റ്, ശ്രീ. ജോഷി ജോസ്, ശ്രീ. സണ്ണി എൻ.പി, ശ്രീ. ജോസഫ് ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു ഫാ. ജോസ് കരിവേലിക്കൽ സ്വാഗതം ആശംസിക്കുകയും ശ്രീ. മാത്യു റ്റി.റ്റി. നന്ദി പ്രകാശിപ്പിക്കുയും ചെയ്തു.



## *BEST SCHOOLS – 2014 -15*

### Higher Secondary School

Best Higher Secondary :- St. George's H.S.S, Vazhathoppe
Second Best Higher Secondary:- St. Thomas' H.S.S, Erattayar
Third Best Higher Secondary:- St. Thomas' H.S.S.Thankamany

### High School

Best High School :- St. Xavier's H.S.S, Chemmannar
Second Best High School :- St. Thomas' H.S.S, Erattayar
Third Best High School :- St. George's H.S, Parathode

### U P School

Best U.P School :- Holy Queen's UPS, Rajakumary
Second Best U.P School :- St. Sebastian's U.P.S,Nedumkandam
Third Best U.P School :- St. Jerome's UPS, Kattappana

### L P School (Category - I)

Best L.P School :- St. Jerome's LPS, Vellayamkudy
Second Best L.P School :- St. Mary's LPS, Murickassery
Third Best L.P School :- St. Joseph's LPS, Kallarkutty

### L P School (Category –II)

Best L.P School :- St. Peter's LPS, Chempakappara
Second Best L.P School :- Jaya Matha LPS, Ezhukumvayal
Third Best L.P School :- St. Xavier's LPS, Nellippara

### *BEST P.T.A – 2014-15*

Best P.T.A :- Holy Queen's UPS, Rajakumary
Second Best P.T.A :- Holy Family UPS, Kiliyarkandam
Third Best P.T.A :- St. Joseph's LPS, Anakulam

## MAGAZINE -2014-15

### Higher Secondary School

I : St. Thomas' HSS, Erattayar
II : St. Jerome's HSS, Vellayamkudy
III : St. Thomas' HSS, Thankamany

### High School

I : St. Thomas' HSS, Erattayar
II : St. Jerome's HSS, Vellayamkudy
III : St. Xavier's HSS, Chemmannar

### U.P School

I : Christuraj UPS, Manjappara
II : St. Joseph's UPS, Josgiri
III : St. George's H.S, Parathode

### L.P School

I : St. Thomas' LPS, Thankamany
II : St. Mary's UPS, Udayagiri
III : St. Mary's UPS, Mankulam

### Prathibha – 2014-15

| | |
|---|---|
| L.P Section: | Master. Jerin Raju,<br>St. Jerome's LPS, Vellayamkudy |
| U.P Section: | Master. Joyal Sebastian<br>St. Jerome's UPS, Kattappana |
| H.S Section: | Master. Gokhul Reghunadh<br>St. Mary's HSS, Murickassery |
| H.S.S Section: | Master. Albin Joy<br>St. George's HSS, Vazhathoppe |



## Thilakam – 2014-15

| | |
|---|---|
| L.P Section: | Kumari. Hrudya Jijo<br>St. Joseph's LPS, Kallarkutty |
| U.P Section: | Kumari. Amulyamol Benny<br>St. Joseph's UPS, Panamkutty |
| H.S Section: | Kumari. Nelsy Nelson<br>St. Sebastian's H.S, Pottenkad |
| H.S.S Section: | Kumari. Anjumol K.S<br>St. Thomas' HSS, Thankamany |

### Full Attendance of Teacher's for the year 2014-15

| | | |
|---|---|---|
| 1.Smt. Minimol A.J | LGHP | Venmony SGUPS |
| 2.Smt. Usha Joseph | UPSA | Kanthippara SSHS |
| 3.Jessy Thomas | LGHP | Rajakumary HQUPS |
| 4.Soosamma Joseph | H.S.A | Erattayar STHSS |
| 5.Kochurani Joseph | H.S.A | Erattayar STHSS |
| 6.Mercykutty Jacob | LPSA | Vellayamkudy SJLPS |
| 7.Alice Mathew | LPSA | Vellayamkudy SJLPS |
| 8.Lissamma Joseph | LPSA | Vellayamkudy SJLPS |
| 9.Rani Mathew | LPSA | Vellayamkudy SJLPS |
| 10.Justina Francis | LPSA | Mulakuvally SJLPS |
| 11.Princy M.D | Skt. Tr. | Narakakkanam SJUPS |
| 12.Lisamma Joseph | LPSA | Narakakkanam SJUPS |
| 13.Sebastian Mathew | HSST | Erattayar STHSS |
| 14.Nishmon J Olikkara | Lab. Asst. | Erattayar STHSS |
| 15.Sr. Spitha C.P | LPSA | Mukkudam VLPS |
| 16.Celeen Sebastian | LPSA | Thankamany STLPS |
| 17.Marykutty P.C | H.S.A | Vazhavara SMHS |

## Edn.18/15 Success Mind- Summer Class

Success Mind പ്രോഗ്രാമിൽ പങ്കെടുക്കുന്ന കുട്ടികൾക്കായുള്ള അവധിക്കാല പരിശീലന പരിപാടികൾ ഏപ്രിൽ 13 ന് ഇരട്ടയാർ, മുരിക്കാശ്ശേരി സെന്ററുകളിൽ ആരംഭിക്കുന്നു. ഈ ക്ലാസ്സുകളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന കുട്ടികളെ 13-ാം തീയതി ക്ലാസ്സുകളിൽ പങ്കെടുപ്പിക്കുന്ന കാര്യം പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## Edn.19/15 Claimants മീറ്റിംഗ്

നമ്മുടെ സ്കൂളുകളിൽ താത്കാലിക ഒഴിവുകളിൽ നിയമിക്കപ്പെടുകയും എന്നാൽ സ്ഥിരനിയമനം ഇതുവരെയും കിട്ടാത്തവരായ അദ്ധ്യാപക അനദ്ധ്യാപകരുടെ (Claimants) മീറ്റിംഗ് ഏപ്രിൽ 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 ന് വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നു. ബന്ധപ്പെട്ടവർ നിയമനരേഖകളുമായി മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ക്ലെമൻസിന്റെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടിയാണ് രേഖകൾ സമർപ്പിക്കേണ്ടത്. ബഹു. വികാരിയച്ചൻമാർ ഈ കാര്യം പള്ളികളിൽ അറിയിച്ച് സഹകരിക്കണമെ.

## Edn.20/15

നമ്മുടെ ഇടവകകളിൽ നിന്നും പഠനത്തിൽ നല്ല മികവുപുലർത്തുന്ന സിവിൽ സർവ്വീസ് പരിശീലനത്തിനും മെഡിക്കൽ പഠനത്തിനും താത്പര്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നല്കുന്നു. യോഗ്യതയുള്ള കുട്ടികൾ ബഹു. വികാരിയച്ചൻമാരുടെ സാക്ഷിപത്രവുമായി രൂപതാ വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളികളിൽ അറിയിച്ച് യോഗ്യരായവരെ പറഞ്ഞുവിടുമല്ലോ.



# സോഷ്യൽ സർവീസസ്

## SS 16/15 തയ്യൽപരിശീലന പരിപാടികൾ

താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിനു സഹായകരമാകുന്ന വിധത്തിൽ സൊസൈറ്റി നബാർഡുമായി ചേർന്ന് മരിയാപുരം, കരിമ്പൻ എന്നിവിടങ്ങളിൽ തയ്യൽ അറിയാവുന്ന സ്ത്രീകൾക്കായി 13 ദിവസം നീണ്ട ചുരിദാർ, നൈറ്റ്ഡ്രസ്സ്, നൈറ്റി എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലനത്തിന്റെ ഭാഗമായി 65 സ്ത്രീകളെ തയ്യൽ പരിശീലിപ്പിക്കാൻ സാധിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്ക് നബാർഡ് ജില്ലാ വികസന മാനേജർ ദീപ എസ്. പിള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## SS 17/15 വനിതാ ശാക്തീകരണ റാലി

ലോക വനിതാ ദിനം പ്രമാണിച്ച് ഇടുക്കി രൂപതാ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ ഇടുക്കി രൂപത മാതൃവേദി, വിമൻ കമ്മീഷൻ എന്നിവയുടെ സംയുക്ത ആഭ്യമുഖ്യത്തിൽ മാർച്ച് 7 ന് മുരിക്കാശ്ശേരിയിൽ വനിതാ ശാക്തീകരണ റാലിയും പൊതു സമ്മേളനവും നടന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും സുസ്ഥിര പുരോഗതിയ്ക്ക് വനിതകളുടെ കൂട്ടായ മുന്നേറ്റം എന്ന സന്ദേശം നൽകി 1.30 ന് മുരിക്കാശ്ശേരി പള്ളിക്കവലയിൽ നിന്നും തുടങ്ങിയ വനിതാ ശാക്തീകരണ റാലി കെ.സി.ബി.സി വിമൻ കമ്മീഷൻ സെക്രട്ടറി പ്രൊഫ. താര ജോൺ ഫ്ളാഗ് ഓഫ് ചെയ്തു. 2.00 ന് പഞ്ചായത്ത് ജംഗ്ഷനിൽ നടന്ന പൊതു സമ്മേളനം നബാർഡ് ജില്ലാ വികസന മാനേജർ ശ്രീമതി ദീപാ എസ്. പിള്ള ഉദ്ഘാടനം ചെയ്തു. മുരിക്കാശ്ശേരി പഞ്ചായത്ത്

പ്രസിഡന്റ് ശ്രീമതി മിനി സാബു അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ഷൈനി സജി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി കുഞ്ഞമ്മ തോമസ്, മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി മേരി അഗസ്റ്റ്യൻ, വിമൻ കമ്മീഷൻ സെക്രട്ടറി ശ്രീമതി റോസക്കുട്ടി എബ്രാഹം തുടങ്ങിയവർ പ്രസംഗിച്ചു. മികച്ച സാമൂഹ്യ പ്രവർത്തകയ്ക്കുള്ള അവാർഡും അക്കാഡമി ഓഫ് യൂണിവേഴ്സൽ ഗ്ലോബൽ പീസിന്റെ ഓണററി ഡോക്ടറേറ്റും നേടിയ ശ്രീമതി റോസക്കുട്ടി എബ്രാഹത്തെയും ജെ.എൽ.ജി ഫാം ഫ്രണ്ട്സ് ഇവയിലൂടെ നടത്തിയ മികച്ച കാർഷിക പ്രവർത്തനങ്ങൾക്ക് കെ. എസ്.എസ്. ഫോറം അവാർഡ് നേടിയ ശ്രീമതി ജിജി ടോമിയെയും ചടങ്ങിൽ ആദരിച്ചു. നീലിവയൽ സ്നേഹജ്യോതി ഫാർമേഴ്സ് ക്ലബിന്റെ തെരുവു നാടകവും അവതരിപ്പിച്ചു.

SS 18/15 **ഹരിതഗ്രാമം - മഞ്ഞപ്പാറ**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഹരിതഗ്രാമം മഞ്ഞപ്പാറ പദ്ധതിയുടെ ഭാഗമായി ജൈവ സർട്ടിഫിക്കേഷൻ പ്രോഗ്രാം ആരംഭിച്ചു. മഞ്ഞപ്പാറ ഗ്രാമത്തിൽ മൂന്ന് ICS കളിലായി 160 കർഷകർ സർട്ടിഫിക്കേഷൻ പ്രോഗ്രാമിൽ ചേർന്നു. ഓർഗാനിക് സർട്ടിഫിക്കേഷനുള്ള ആപ്ലിക്കേഷൻ ഫോമുകൾ വിതരണം ചെയ്യുകയും സർട്ടിഫിക്കേഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ടി HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ രക്ഷാധികാരിയായി ഒരു കമ്മറ്റി രൂപീകരിക്കുകയും ചെയ്തു.

SS 19/15

പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടുകൂടി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന കരിക്കിൻതോളം നീർത്തട പദ്ധതിയുടെ വിവിധയിനം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ക്യാഷ് ചെക്കുകൾ മരിയാപുരം പഞ്ചായത്ത് മന്ദിരത്തിന്റെ ഉദ്ഘാടന വേളയിൽ ഇടുക്കി എം. പി അഡ്വ. ജോയ്സ് ജോർജ് വിതരണം ചെയ്തു.



SS 20/15 **മുട്ടക്കോഴി വിതരണം**

HDS ന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 500 മുട്ടകോഴി കുഞ്ഞുങ്ങളെ തങ്കമണി, മാവടി, കാഞ്ചിയാർ എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## തിരുബാലസഖ്യം

HC 2/15 **ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്ക് ധ്യാനം**

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കായി 2015 ഏപ്രിൽ 13 രാവിലെ 9 മുതൽ 15 ഉച്ചകഴിഞ്ഞ് 4 മണിവരെ അടിമാലി ആത്മജ്യോതിയിൽ വച്ച് ധ്യാനം നടത്തുന്നു. ആദ്യം ബുക്കു ചെയ്യുന്ന 250 കുട്ടികൾക്കാണ് ധ്യാനത്തിൽ സംബന്ധിക്കുവാൻ അവസരം. 15-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ മാതാപിതാക്കൻമാർക്കും ക്ലാസുണ്ടായിരിക്കും. Reg Fee :500/
വിശദവിവരങ്ങൾക്ക്- 9947576229,

HC 3/15 **ഹോളി മീറ്റ് 2015**

നമ്മുടെ രൂപതയിൽ ഈ വർഷം ആദ്യകുർബാന സ്വീകരിയ്ക്കുന്ന കുട്ടികൾക്കായി 2015 മെയ് 7-ാം തീയതി ഹോളി മീറ്റ് നടത്തുന്നു.

രാവിലെ 10:00 am വി. കുർബാന
11:30 am മീറ്റിംഗ്
12:30 ഉച്ചഭക്ഷണം

കുട്ടികളെ പറഞ്ഞയയ്ക്കുവാനും, **മെയ് 7 ന് മുൻപ് അതാത് ഇടവകയിൽ ആദ്യകുർബാന നടത്തുന്നതിനും ശ്രദ്ധിക്കുമല്ലോ.**

HC 4/15 **വാർഷിക റിപ്പോർട്ട്**

തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങ

ളുടെ വാർഷിക റിപ്പോർട്ട് 2015 മെയ് 10 ന് മുൻപ് രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ.

## ചെറുപുഷ്പ മിഷൻ ലീഗ്

### CML 11/15 2015 ഏപ്രിൽ ഉത്ഥിതന്റെ പാതയിൽ

**ചിന്താവിഷയം** : **വിശ്വാസ ജീവിതം ബാലകരിലൂടെ**
**അനുസ്മരിക്കുന്ന വിശുദ്ധൻ** : **വി. ഗീവർഗ്ഗീസ്**
**പ്രാർത്ഥനാ നിയോഗം** : **ദൈവിളിക്കുവേണ്ടി**
**സുകൃതജപം** : **വി. യൗസേപ്പേ, കുടുംബങ്ങൾക്ക് കാവൽ ആയിരിക്കണമേ.**

### CML12/15 ഏപ്രിൽ മാസത്തിലെ കർമ്മ പരിപാടികൾ

2 വ്യാഴം : പെസഹാ
3 വെള്ളി : ദുഃഖവെള്ളി
4 ശനി : ദുഃഖശനി, രൂപതാ എക്സിക്യൂട്ടീവ്
5 ഞായർ : ഉയിർപ്പു തിരുനാൾ

### CML 13/15 രൂപതാ മാനേജിംഗ് കമ്മറ്റി, രൂപതാ തിരഞ്ഞെടുപ്പ് 15-04-2015

ചെറുപുഷ്പ മിഷൻലീഗ് രൂപതാ മാനേജിംഗ് കമ്മറ്റി 2015 ഏപ്രിൽ 15-ാം തീയതി ബുധൻ രാവിലെ 9.30 ന് മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ബിനോയി ചെമ്മരപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നു. പ്രസ്തുത മാനേജിംഗ് കമ്മറ്റിയിൽ നിന്നും 2015-2018 വർഷത്തേക്കുള്ള ഭാരവാഹികളെയും തിരഞ്ഞെടുക്കുന്നതാണ്. രൂപതാ ഭാരവാഹി



കളും മേഖലാ ഭാരവാഹികളും മാനേജിംഗ് കമ്മറ്റിയിൽ കൃത്യമായും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

### CML14/15 രൂപതയിൽ ഏൽപ്പിക്കേണ്ട തുകകൾ

ഈ പ്രവർത്തന വർഷത്തിലും, കഴിഞ്ഞ വർഷങ്ങളിലെയും രൂപതയിൽ നൽകേണ്ട സംഭാവന കൂപ്പൺ തുക, കലണ്ടർ തുക, രൂപതാ വിഹിതം, സംസ്ഥാന വിഹിതം, മുതലായ ഏതെങ്കിലും തുകകൾ ഏൽപ്പിക്കേണ്ട ശാഖകൾ പ്രസ്തുത തുക രൂപതാ ഓഫീസിൽ ഏൽപ്പിച്ച് രൂപതാ പ്രവർത്തനങ്ങളോട് സഹകരിക്കണമെന്ന് അറിയിക്കുന്നു. രൂപതയിൽ ഏൽപ്പിക്കുന്നതിന് ഏതെങ്കിലും കാരണത്താൽ കഴിയാതെ വന്നാൽ രൂപതാ സെൻട്രൽ എക്സിക്യൂട്ടീവിൽ ആരെയെങ്കിലും അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### CML15/15 ഈസ്റ്റർ ആശംസകൾ

എല്ലാ കുഞ്ഞുമിഷനറിമാർക്കും, സി.എം.എൽ. പ്രവർത്തകർക്കും രൂപതാ മിഷൻ കുടുംബത്തിൽ നിന്നും ഹൃദ്യമായ 'ഈസ്റ്റർ' ആശംസകൾ നേരുന്നു.

## കെ.സി.എസ്.എൽ

### KCSL 15/15 സംസ്ഥാന ലീഡേഴ്സ് ക്യാമ്പ്- തിരുവനന്തപുരം

കെ.സി.എസ്.എൽ സംസ്ഥാന സമിതി ഒരുക്കുന്ന ലീഡേഴ്സ് ക്യാമ്പ് ഏപ്രിൽ മാസം 13-ാം തീയതി 5 മണി മുതൽ 16-ാം തീയതി 1 മണി വരെ തിരുവനന്തപുരം മലങ്കര രൂപതയുടെ മാർ ഇവാനിയോസ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. നമ്മുടെ രൂപതയിൽ നിന്നും 30 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്.

ക്യാമ്പ് ഫീസ് : 500 രൂപ ആയിരിക്കും.

## KCSL 16/15 ക്രിസ്റ്റീൻ ധ്യാനം

2015 ഏപ്രിൽ 19-23 വരെ മുരിക്കാശ്ശേരി പടമുഖം സ്നേഹമന്ദിരം ധ്യാനകേന്ദ്രത്തിൽ വച്ച് 8,9,10,11,12 ക്ലാസ് കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം ഒരുക്കിയിരിക്കുന്നു. ധ്യാനം 19-ാം തീയതി 4 മണിക്ക് ആരംഭിച്ച്, 23-ാം തീയതി 1 മണിക്ക് അവസാനിക്കുന്നു. ധ്യാനത്തിന്റെ സമാപനദിവസം രാവിലെ 9 മുതൽ 12:30 വരെ കുട്ടികളുടെ മാതാപിതാക്കൾക്കുമായി ഒരു ക്ലാസ്സും ഉണ്ടായിരിക്കും.

ധ്യാന ഫീസ്- 400 രൂപ

ആദ്യം പേര് നൽകുന്ന 75 ആൺകുട്ടികൾക്കും, 75 പെൺകുട്ടികൾക്കുമാണ് ധ്യാനത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. ( ധ്യാന ബുക്കിംഗിനായി, ഫോൺ- 04868-263460, 263279)

## KCSL 17/15 നന്ദി

2014-2015 വർഷത്തെ കെ.സി.എസ്. എൽ പ്രവർത്തനങ്ങൾ നിരവധി ആയിരുന്നു. ജൂൺ മാസം ആരംഭിച്ച ആനിമേറ്റേഴ്സ് സംഗമം മുതൽ ധ്യാനങ്ങൾ, സെമിനാറുകൾ, ലീഡേഴ്സ് ക്യാമ്പ്, സംസ്ഥാന-രൂപത കലാ-സാഹിത്യ മൽസരങ്ങൾ, പരീക്ഷ ഒരുക്ക കൺവെൻഷനുകൾ, തുടങ്ങി വിവിധ പ്രോഗ്രാമുകൾ ദൈവപരിപാലനയിൽ വളരെ ചിട്ടയോടും, ക്രമമായും നടത്തുവാൻ നമ്മുക്ക് സാധിച്ചു. ഇതിനു നേത്രത്വം നൽകിയവരും, സഹകരിച്ചവരും പ്രാർത്ഥന നൽകിയവരും നിരവധിയാണ്. അഭിവന്ദ്യ പിതാവിനും, രൂപതാ അധികാരികൾക്കും, എഡ്യുക്കേഷൻ സെക്രട്ടറി റവ. ജോസ് കരിവേലിക്കൽ അച്ചനും, മാനേജർമാർ, പ്രിൻസിപ്പലുമാർ, പ്രഥമാദ്ധ്യാപകർ, ആനിമേറ്റ്യസ്,കുട്ടികൾ തുടങ്ങി എല്ലാവർക്കും കെ.സി.എസ്.എൽ രൂപത കമ്മിറ്റിയുടെ നന്ദിയും, പ്രാർത്ഥനയും നേരുന്നു. പുതിയ അധ്യയന വർഷത്തിനായി ഒരുങ്ങുന്നതോടൊപ്പം, എല്ലാവർക്കും നല്ല അവധിക്കാലവും, പരീക്ഷാവിജയങ്ങളും നേരുന്നു.





# കെ.സി.വൈ.എം.

## KCYM 20/15 KCYM പ്രവർത്തന വർഷ ഉദ്ഘാടനം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ 2015 പ്രവർത്തന വർഷ ഉദ്ഘാടനം നരകക്കാനത്ത് വച്ച് നടന്ന പൊതു സമ്മേളനത്തിൽ വച്ച് ഇടുക്കി രൂപതാ വിദ്യാഭ്യാസ സെക്രട്ടറി റവ. ഫാ. ജോസ് കരിവേലിക്കൽ നിർവ്വഹിച്ചു.

## KCYM 21/15 'വീഥി' മാർഗ്ഗരേഖ പ്രകാശനം

കെ.സി.വൈ.എം. ഇടുക്കി രൂപതാ പ്രവർത്തന മാർഗ്ഗരേഖ വീഥി 2015 ന്റെ പ്രാകാശന കർമ്മം സീറോ മലബാർ യൂത്ത് മൂവ്മെന്റ് സസ്ഥാന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ നിർവ്വഹിച്ചു. കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി ആന്റോച്ചൻ ജയിംസ് ആശംസകളർപ്പിച്ച് സംസാരിച്ചു.

## KCYM 22/15 വനിതാദിനാചരണം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആഭ്യമുഖ്യത്തിൽ ലോക വനിതാദിനാചരണത്തോടനുബന്ധിച്ച് കട്ടപ്പന ബസ് സ്റ്റാൻഡിലും വിവിധ ഇടവകകളിലും തെരുവുനാടകം അവതരിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

## KCYM 23/15 നാമഹേതുക തിരുനാൾ ആശംസകൾ

കെ.സി.വൈ.എം ഇടുക്കി രൂപതാ ഭാരവാഹികൾ കിളിയാർകണ്ടം ഹോളിഫാമിലി ദൈവാലയത്തിൽ ഒരുമിച്ചുകൂടി രൂപതാ ഡയറക്ടർ ഫാ. ജോസഫ് പൗവ്വത്തിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

## KCYM 24/15 സീറോ മലബാർ യൂത്ത് മൂവ്മെന്റ് ഡയറക്ടേഴ്സ് സംഗമം

കേരളത്തിലെ വിവിധ രൂപതകളിലെ സീറോ മലബാർ യൂത്ത് മൂവ്മെന്റ് ഡയറക്ടർമാരുടെ പ്രഥമ സമ്മേളനം 2015 ഫെബ്രുവരി 9,10,11 തീയതികളിൽ കിളിയാർകണ്ടം പള്ളിയിൽ വച്ച് നടന്നു.

## KCYM 25/15 മതതീവ്രവാദത്തിനെതിരെ പീഡാസഹന യാത്ര

ലോകത്തിന്റെ നാനാഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെ നടക്കുന്ന മതപീഡനത്തിനെതിരെയും ഭാരതത്തിൽ നടക്കുന്ന മതതീവ്രവാദ പ്രവർത്തനത്തിനെതിരെയും കെ.സി.വൈ.എം ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2015 ഏപ്രിൽ മാസം 1-ാം തീയതി കാൽവരി മൗണ്ട് കുരിശുമലയിലേക്ക് പീഡാസഹന യാത്ര സംഘടിപ്പിച്ചു.

## KCYM 26/15 യുവജന ധ്യാനം

കെ.സി.വൈ.എം ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2015 ഏപ്രിൽ 26-30 വരെ പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് യുവജന ധ്യാനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 400 രൂപ. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 ആൺകുട്ടികൾക്കും, 50 പെൺകുട്ടികൾക്കും മാത്രം അവസരം. ധ്യാനത്തിന് യുവജനങ്ങളെ പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

## KCYM 27/15 ദിവ്യകാരുണ്യ സന്നിധിയിൽ

കെ.സി.വൈ.എം ഇടുക്കി രൂപതാ ഭാരവാഹികൾ കിളിയാർകണ്ടം ഹോളിഫാമിലി ഇടവകയിൽ ഒരുമിച്ചുകൂടി ദിവ്യകാരുണ്യ ആരാധനയും രൂപതാ കമ്മറ്റിയും നടത്തി.





# ഫാമിലി അപ്പസ്തോലേറ്റ്

## FA6/15 നേതൃത്വപരിശീലന ക്യാമ്പ്

ബഹു. അഡ്വ. ജോയ്സ് ജോർജ് എം.പി. യുടെ നേതൃത്വത്തിൽ മാതൃദീപ്തി അംഗങ്ങൾക്ക് നേതൃത്വപരിശീലന ക്യാമ്പ്, ഏപ്രിൽ 18-ാം തീയതി രാവിലെ 10:00 മണി മുതൽ വൈകിട്ട് 3:00 മണി വരെ കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് നടത്തപ്പെടുന്നു.

## FA7/15 വിവാഹ ഒരുക്ക ധ്യാനം

ഏപ്രിൽ - 16-18
മെയ് - 01-03
മെയ് -18-21

## ആത്മജ്യോതിയിലെ പരിപാടികൾ

ഏപ്രിൽ 2015 11 -12 - തിയോളജി കോഴ്സ്
13-16 - അൾത്താര ശുശ്രൂഷകർക്ക് ധ്യാനം
16-18 - വിവാഹ ഒരുക്ക സെമിനാർ
19-25 - എഫാത്താ ധ്യാനം
ഏപ്രിൽ 26-മെയ് 1 - യുവജനധ്യാനം

## കുടുംബക്കൂട്ടായ്മ

## SCC 14/15 കുടുംബ കൂട്ടായ്മയുടെ പ്രസക്തി

നമ്മുടെ ഇടവകകൾക്ക് ചൈതന്യവും നവീകരണവും പുതുജീവനും നൽകുന്ന സഭാ ശൈലിയാണ് കുടുംബകൂട്ടായ്മകൾക്കുള്ളത്. നടപടി പുസ്തകത്തിൽ സൂചിപ്പിക്കുന്ന (2:42-41)

മാതൃക ക്രിസ്തീയ ജീവിതശൈലി നടപ്പിലാക്കാൻ ഭൂരിപക്ഷം ഇടവകകളുടെയും വലുപ്പം തടസ്സമാകും. അതുകൊണ്ട് കൂട്ടായ്മ അനുഭവം ഫലപ്രദമാകാകാതെ പോകും. ഇതിനുള്ള പരിഹാരമാണ് ഇടവകകളെ, ചെറുകൂട്ടായ്മകളാക്കി തിരിച്ച് ഇവയെ ഒത്തുചേരലിന്റെയും പ്രാർത്ഥനയുടെയും പഠനങ്ങളുടെയും പങ്കുവയ്ക്കലിന്റെയും വേദിയാക്കുക എന്നത്. അങ്ങനെയാകുമ്പോൾ ഞായറാഴ്ച ആചരണങ്ങൾക്കും ജീവിത ശൈലികളിലെ ബലി ജീവിതത്തിനും അർത്ഥം ഏറും.

SCC15/15

സീറോ മലബാർ സഭാതലത്തിൽ കുടുംബ കൂട്ടായ്മകൾക്ക് ഒരു പൊതു മാർഗ്ഗരേഖ തയ്യാറായിക്കൊണ്ടിരിക്കുന്നു.

SCC 16/15 **കുടുംബകൂട്ടായ്മകളെ സജ്ജീവമാക്കാൻ ശ്രദ്ധിക്കേണ്ടത്.**

1. കുടുംബകൂട്ടായ്മകൾ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാന ഘടകമായിരിക്കണം.
2. അജപാലകൻ നിരന്തരം കുടുംങ്ങളുമായി സമ്പർക്കം പുലർത്തണം. ഒപ്പം കുടുബകൂട്ടായ്മ ലീഡേഴ്സും.
3. കൂട്ടായ്മകളിലെ വീടുകളുടെ എണ്ണം 13 നും 20 നും ഇടയിൽ ആക്കുവാൻ പരമാവധി ശ്രദ്ധിക്കണം.
4. ലീഡേഴ്സിനെ മാസത്തിലൊരിക്കൽ ഇടവക തലത്തിൽ വിളിച്ചുകൂട്ടണം.
5. കൂട്ടായ്മകളിൽ പ്രാർത്ഥനയും പഠനവും പങ്കുവയ്ക്കലും നടക്കണം.
6. കൂട്ടായ്മകളെ മുതിർന്നവരുടെ മതബോധന വേദികളാക്കണം. ആനുകാലിക വിഷയങ്ങൾ ചർച്ച ചെയ്യണം.
7. വിശ്വാസത്തിന് എതിരെയുള്ള വെല്ലുവിളികളെ നേരിടാൻ ആളുകളെ കൂട്ടായ്മകളിലൂടെ സജ്ജമാക്കണം.
8. കൂട്ടായ്മകളിലൂടെ അത്മായ നേതൃത്വത്തെ വളർത്തിയെടുക്കണം.
9. കൂട്ടായ്മകളിൽ പങ്കാളിത്തമുള്ളവരെ കൂട്ടായ്മ തലത്തിൽ പാരീഷ് കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കണം.



10. കൂട്ടായ്മകളിൽ അനുരഞ്ജന വേദികൾ രൂപപ്പെടുത്തണം.
11. കൂട്ടായ്മകളിൽ നിന്നും വിവിധ കഴിവുള്ള പ്രതിഭകളെ കണ്ടെത്തണം.

## കത്തോലിക്കാ കോൺഗ്രസ്

### 1. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സമൂഹ മനസാക്ഷിയെ ഉണർത്താൻ ഇടുക്കി രൂപത അൽമായ മഹാ സമ്മേളനം സ്വാഗത സംഘം രൂപീകരിച്ചു

ക്രൈസ്തവർക്കെതിരെ നടന്നുവരുന്ന പീഢന പരമ്പരകൾക്കെതിരെ സമൂഹമനസാക്ഷിയെ ഉണർത്താൻ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇടുക്കി രൂപത അൽമായ മഹാ സമ്മേളനം നടത്തുന്നു. ഏപ്രിൽ 17 ന് വെള്ളയാംകുടിയിൽവച്ച് നടത്തുന്ന മഹാ സമ്മേളനം സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. 17 ന് പകൽ 2. 30 ന് കട്ടപ്പന പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിന്ന് ആരംഭിക്കുന്ന പതിനായിരങ്ങൾ പങ്കെടുക്കുന്ന വിശ്വാസ റാലി കത്തോലിക്കാ കോൺഗ്രസിന്റെ ബിഷപ്പ് ലെഗേറ്റ് മാർ റമിജിയൂസ് ഇഞ്ചനാനി ഫ്ളാഗ് ഓഫ് ചെയ്യും. റാലി കട്ടപ്പന ടൗൺ വഴി വെള്ളയാംകുടിയിൽ എത്തുന്നതോടുകൂടി പൊതു സമ്മേളനം ആരംഭിക്കും. പൊതു സമ്മേളനത്തിൽ മേജർ ആർച്ച് ബിഷപ്പിനു പുറമേ ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ കത്തോലിക്കാ കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റ് വി.വി അഗസ്റ്റ്യൻ, ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയനിലം, മറ്റ് സംസ്ഥാന നേതാക്കൾ, സഹോദര സംഘടനാ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. അൽമായ സമ്മേളനം വിജയിപ്പിക്കുന്നതിന് സ്വാഗതസംഘം രൂപീകരിക്കുന്നതിനു വേണ്ടി മാർച്ച് 21-ാം തീയതി വെള്ളയാംകുടി സെന്റ് ജെറോംസ് സ്കൂൾ ഹാളിൽ വച്ച് രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം രൂപത വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരി ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴി, ഫാ. ജോസ് പ്ലാച്ചിക്കൽ, ഫാ. ജോസഫ് പാപ്പാടി, ജോസുകുട്ടി മാടപ്പള്ളിൽ തുടങ്ങിയവർ പ്രസംഗിച്ചു.

സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു.

മുഖ്യ രക്ഷാധികാരി: അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
സഹ രക്ഷാധികാരി: മോൺ. ജെയിംസ് മംഗലശ്ശേരി
(വികാരി ജനറാൾ)
ചെയർമാൻ: ഫാ. ജോർജ് പാട്ടത്തേക്കുഴി
(രൂപതാ ഡയറക്ടർ)
ചീഫ് കോ. ഓർഡിനേറ്റർ:ഫാ. ജോസ് പ്ലാച്ചിക്കൽ
(വികാരി സെ. ജോർജ് ചർച്ച് വെള്ളയാംകുടി)
ജനറൽ കൺവീനർ: ജോർജ് കോയിക്കൽ
(രൂപതാ പ്രസിഡന്റ്)
ജോ. ജനറൽ കൺവീനർ :ബേബിച്ചൻ ശൗര്യാംകുഴി

**കോ-ഓർഡിനേറ്റർമാർ**

ജോസുകുട്ടി മാടപ്പള്ളിൽ (കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന ട്രഷർ)

പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ (മുൻ സംസ്ഥാന സെക്രട്ടറി)

ചുമ്മാർ മാത്യു

ജോസഫ് കുര്യൻ

ബിനോയി മഠത്തിൽ (K.C.Y.M)

ജോസ് ചെമ്പകപ്പാറ (പ്രസിഡന്റ് വിൻസെന്റ് ഡി പോൾ രൂപത കമ്മറ്റി)

മേരി അഗസ്റ്റ്യൻ (പ്രസിഡന്റ് മാതൃദീപ്തി)

**കമ്മറ്റികൾ** (കമ്മറ്റികളുടെ ചെയർമാൻമാർ വൈദികരായിരിക്കും)

**സ്റ്റിയറിംഗ് കമ്മറ്റി**

സംഘടനകളുടെ ഡയറക്ടർമാർ
സിസ്റ്റർ ആമിമേറ്റേഴ്സ്
സംഘടനകളുടെ രൂപത പ്രസിഡന്റുമാർ, സെക്രട്ടറിമാർ
കത്തോലിക്കാ കോൺഗ്രസ് ഫൊറോന ഡയറക്ടർമാർ
രൂപതാ കമ്മറ്റി അംഗങ്ങൾ



**മറ്റ് കമ്മറ്റികൾ**

| | | | |
|---|---|---|---|
| പ്രോഗ്രാം കമ്മറ്റി | - | കൺവീനർ | കെ.സി. ചാക്കോ വരമ്പകത്ത് |
| ഫിനാൻസ് കമ്മറ്റി | - | ” | സണ്ണി ജോർജ് കരിവേലിക്കൽ |
| പബ്ളിസിറ്റി | - | ” | ജോർജ് അമ്പഴം |
| റിസപ്ഷൻ | - | ” | തോമസ് മാവത്ത് |
| റാലി | - | ” | ജോസഫ് കുര്യൻ |
| ഇൻവിറ്റേഷൻ | - | ” | സിജോ ഇലന്തൂർ |
| വെൽഫെയർ | - | ” | ഡോ. അനിൽ പ്രദീപ് |
| ഫുഡ്, റിഫ്രഷൻ | - | ” | ജോജോ കടയ്ക്കച്ചിറ |
| വോളന്റിയേഴ്സ് | - | ” | ബാബു വെട്ടിക്കുഴ |
| സ്റ്റേജ്, പന്തൽ, ഡെക്കറേഷൻ | - | ” | സാബു പൊടിപ്പാറ |
| ലൈറ്റ് & സൗണ്ട് | - | ” | ഷിബു |
| ട്രാഫിക് | - | ” | പൊന്നച്ചൻ കറുകശ്ശേരിൽ |

### 2. കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത കമ്മറ്റിയുടെ ആഭ്യമുഖ്യത്തിൽ നേതൃത്വ ശില്പശാല നടത്തി

കത്തോലിക്കാ കോൺഗ്രസ് യൂണിറ്റു ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് ഫെബ്രുവരി 28 ന് മുരിക്കാശ്ശേരി പാരിഷ് ഹാളിൽ വച്ച് നേതൃത്വ ശില്പശാല നടത്തി. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസിലൂടെ സമുദായ ശാക്തീകരണം നേടിയെടുക്കാനാണ് സഭ ലക്ഷ്യം വയ്ക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. കാർഷിക വിദ്യാഭ്യാസ മേഖലകളിൽ സമുദായ അംഗങ്ങൾ വലിയ പ്രതിസന്ധികളെയാണ് അഭിമുഖീകരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലകൾ ഇന്നും ഹൈറേഞ്ച് നിവാസികൾക്ക് അപ്രാപ്യമാണ്. ഉയർന്ന ഉൽപ്പാദന ചെലവുകൾക്കനുസൃതമായി നാണ്യവിളകൾക്കു വില ലഭിക്കാത്തതും വില സ്ഥിരത ഉറപ്പുവരുത്താൻ ഗവൺമെന്റിന് സാധിക്കാ

ത്തതും ഭൂപ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കപ്പെ ടാത്തതും ജനങ്ങൾക്കു വലിയ ദുരിതം സൃഷ്ടിച്ചിട്ടുണ്ട്. ഇടുക്കി പാക്കേജ് നഷ്ട്ടപ്പെട്ടത് വലിയ തിരിച്ചടിയാണ്. ഹൈറേഞ്ച് മേഖലകളിൽ നിന്നും രാഷ്ട്രിയ സാംസ്ക്കാരിക ഉദ്യോഗസ്ഥ രംഗത്ത് നല്ല നേതാക്കൾ ഉയർന്നു വരാത്തതാണ് ഹൈറേഞ്ചിന്റെ പിന്നോക്കാവസ്ഥയ്ക്ക് മുഖ്യ കാരണം. താക്കോൽ സ്ഥാനങ്ങളിൽ ഹൈറേഞ്ച് നിവാസികളെ എത്തിക്കുന്നതിൽ കത്തോലിക്കാ കോൺഗ്രസിനു ക്രിയാത്മകമായ പങ്കുവഹിക്കാൻ കഴിയുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. വി.വി ജോഷി പാലാ രൂപതാ ഡയറക്ടർ ഫാ. വർഗ്ഗീസ് ഞാറക്കുന്നേൽ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയനിലം എന്നിവർ ക്ലാസ്സുകൾ നയിച്ചു.

രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴി, ഫാ. മാത്യു തൊട്ടിയിൽ, ജോസുകുട്ടി മാടപ്പള്ളിൽ, കെ.സി ചാക്കോ, മാത്യു മലേപ്പറമ്പിൽ, ഡോ. ജോയി കോയിക്കക്കുടി എന്നിവർ പ്രസംഗിച്ചു. രൂപതയിലെ 64 ഇടവകകളിൽ നിന്നായി ഇരുനൂറ്റി അൻപതോളം പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു. ഫാ. ജോർജ് കരിവേലിക്കൽ, ഫാ. കുര്യാക്കോസ് അറക്കാട്ട്, ഫാ. മാത്യു കുഴികണ്ടത്തിൽ, അഗസ്റ്റ്യൻ തേവർപറമ്പിൽ, ജോർജ് താളംപ്ലാക്കൽ, ജോസഫ് ഇടക്കുന്നേൽ, ബെന്നി കൊച്ചുപറമ്പിൽ, ബീന അജി, റിൻസി സിബി തുടങ്ങിയവർ നേതൃത്വം നൽകി.

## 3. സണ്ണി ജോർജ് കരിവേലിക്കലിനെ അനുമോദിച്ചു

ഇടുക്കി രൂപതയിലെ മികച്ച അദ്ധ്യാപകനുള്ള അവാർഡ് നേടിയ കത്തോലിക്കാ കോൺഗ്രസ് രൂപതാ ട്രഷർ സണ്ണി ജോർജിനെ രൂപതാ കമ്മറ്റി അനുമോദിച്ചു. ഇദ്ദേഹം മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ.പി. സ്കൂളിലെ പ്രധമാദ്ധ്യാപകനാണ്.

## 4. കന്യാസ്ത്രീയെ അപമാനിച്ച സംഭവത്തിൽ പ്രധിഷേധിച്ചു

പശ്ചിമബംഗാളിലെ റാണാഘട്ടിൽ ജീസസ് ആന്റ് മേരി കോൺവെന്റിൽ 72 കാരിയായ കന്യാസ്ത്രീയെ അതിനിന്ദ്യമായും



ക്രൂരമായും അപമാനിച്ച സംഭവത്തിൽ ഇടുക്കി രൂപതാ എ.കെ.സി.സി. ദുഃഖവും പ്രതിഷേധവും രേഖപ്പെടുത്തി. സന്യാസത്തെയും സ്ത്രീത്വത്തെയും സംപൂജ്യമായി കരുതുന്ന ആർഷ ഭാരത സംസ്ക്കാരത്തിനേറ്റ ഏറ്റവും വലിയ അഘാതവും തീരാ കളങ്കവുമാണ് ഈ സംഭവമെന്ന് യോഗം അഭിപ്രായപ്പെട്ടു. മനുഷ്യത്വ രഹിതമായ ഹീന കൃത്യം നടത്തിയവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവന്ന് നീതിപൂർവ്വകമായ നടപടി എത്രയും വേഗം കൈക്കൊള്ളണമെന്ന് എ.കെ.സി.സി. രൂപതാ സമിതി ആവശ്യ പ്പെട്ടു.

ഡൽഹിയിലും കർണ്ണാടകയിലും ക്രൈസ്തവ ദൈവാലയ ങ്ങൾ തകർത്ത സംഭവത്തിന്റെ തുടർച്ചയായി വേണം ഇതിനെയും കാണാൻ. ന്യൂനപക്ഷങ്ങൾക്കെതിരെ പ്രതേകിച്ച് ക്രൈസ്തവർക്കെ തിരെ നടന്നു വരുന്ന പീഡനങ്ങൾ വർദ്ധിച്ചുവരുന്നത് ഉത്കണ്ഠാ ജനകമാണ്. കർശനമായ നിയമങ്ങളും ശിക്ഷാനടപടികളും കൈക്കൊണ്ട് ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ജാഗ്രത പുലർത്തണമെന്ന് എ.കെ.സി.സി. ആവശ്യപ്പെട്ടു.

എ.കെ.സി.സി. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴി, സണ്ണി ജോർജ് കരിവേലിക്കൽ, ജോസുകുട്ടി മാടപ്പള്ളിൽ, മാത്യു മലേപ്പറമ്പിൽ, ഡോ. ജോയി കോയിക്കകുടി, ചുമ്മാർ മാത്യു, ജോസഫ് കുര്യൻ, കെ.സി ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു.

## 5. പാക്കിസ്ഥാനിൽ ക്രൈസ്തവർക്കെതിരെ നടന്നു വരുന്ന അക്രമങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് ഉത്കണ്ഠ രേഖപ്പെടുത്തി

ലിബിയ, സിറിയ തുടങ്ങിയ രാജ്യങ്ങളിൽ നടന്നുവരുന്ന ക്രൈസ്തവ പീഡനത്തിന്റെ തുടർച്ചയെന്നോണം പാക്കിസ്ഥാനിൽ ക്രൈസ്തവർക്കെതിരെ നടക്കുന്ന അക്രമങ്ങളിൽ എ.കെ.സി.സി ഇടുക്കി രൂപതാ സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. മത വിശ്വാസ ത്തിന്റെ പേരിൽ ക്രൈസ്തവ സഹോദരങ്ങൾ രക്തം ചിന്തേണ്ടി

വരുന്നു. ഈ ക്രൂരതകൾക്കെതിരെ അന്താരാഷ്ട്ര സമൂഹം ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. ക്രൈസ്തവർക്കു നേരെയുള്ള ഇത്തരം ആക്രമണങ്ങൾ ആശങ്കാജനകമാണെന്ന് എ.കെ.സി.സി ഇടുക്കി രൂപതാ കമ്മറ്റി അഭിപ്രായപ്പെട്ടു.

## കേരള ലേബർ മൂവ്മെന്റ്

**KLM 15/15 കെ.എൽ.എം ക്യാമ്പ്**

ഏപ്രിൽ 14, 15 എറണാകുളം ആശീർഭവനിൽ സംസ്ഥാന ലീഡേഴ്സ് ക്യാമ്പ് നടക്കും.

**KLM 16/15 വെള്ളയാംകുടിയിൽ വിശ്വാസ റാലി**

രാജ്യത്തിന്റെ വിവിധ മേഖലകളിൽ ക്രൈസ്തവ വിശ്വാസികളെ പീഢിപ്പിക്കുന്ന അധികാരികളുടെ സമീപനങ്ങൾക്ക് എതിരെ വെള്ളയാംകുടിയിൽ ഏപ്രിൽ 17 ന് നടക്കുന്ന വിശ്വാസ റാലിയിൽ കെ. എൽ. എം. ഇടുക്കി രൂപതാ കമ്മറ്റിയുടെ പൂർണ പിൻതുണ നൽകുവാനും പരിപാടികൾ വിജയിപ്പിക്കുന്നതിനും തീരുമാനിച്ചു.

**KLM 17/15 മെയ് ദിനാചരണം**

മെയ്ദിനാചരണം വിപുലമായ പരിപാടികളോടെ ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**KLM 18/15 രൂപതാ കമ്മറ്റി**

ഏപ്രിൽ 18 ന് രാവിലെ 10 ന് എഴുകുംവയൽ പാരിഷ്ഹാളിൽ കെ.എൽ.എം രൂപതാ ജനറൽബോഡി യോഗം ചേരുന്നതാണ് യോഗത്തിൽ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിക്കും.



## അറിയിപ്പുകൾ

### പുതിയ സാരഥികൾ

### CHF. Kripajyothi Provincial House

Provincial Superior : Sr. Asha John (Formation & Renewal of Religious Life & Spirituality )
Vicar Provincial : Sr. Rose Chiriyankandath (Family & Social Apostolate)
Councillors : Sr. Rose Maria Chakkalakal (Education Ministry)
: Sr. Jessin Joseph (Healing Ministry )
: Sr. Alphonsa Maria (Finance, Agriculture & Repair)
Auditor : Sr. Ritty John

### Holy Family Hospital, Muthalakodam

മുതലക്കോടം Holy Family Hospital-ൽ Dialysis Unit ആരംഭിച്ചിരിക്കുന്നു. എല്ലാ വ്യാഴാഴ്ചകളിലും Nephrologist Dr. Jojo Pullokara രോഗികളെ കാണുന്നതായിരിക്കും. എല്ലാ ദിവസവും Urologist Dr. Jinson V. George ന്റെ സേവനം ലഭ്യമാണ്.

M.R.I., C.T Scan, Ultrasound Doppler തുടങ്ങിയ എല്ലാ Investigations- ഉം കുറഞ്ഞ നിരക്കിൽ ഇവിടെ എല്ലാ ദിവസവും നടത്തുന്നുണ്ട്.
24 Hours Dialysis ഉണ്ടായിരിക്കും. M.R.I. -3500/- രൂപ

### സഹായഗിരി സെന്റ് വിൻസന്റ് ബാലഭവൻ

ബാലഭവനിലേക്ക് കുട്ടികളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. വരുന്ന അദ്ധ്യയന വർഷത്തിൽ 5, 6, 7 ക്ലാസ്സുകളിലേക്ക്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പഠന സൗകര്യം ഒരുക്കുന്നു. ചിട്ടയായ പരിശീലനവും സൗജന്യ ഭക്ഷണവും താമസസൗകര്യങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

സുപ്പീരിയർ : ഫാ. തോമസ് മാളിയേക്കൽ വി.സി.
Mob: 9446713127

## 2014-ലെ കെ.സി.ബി.സി. അവാർഡുകൾ പ്രഖ്യാപിച്ചു

കൊച്ചി: കേരളത്തിലെ മികച്ച മാധ്യമപ്രവർത്തകർക്കുള്ള 2014-ലെ അവാർഡുകൾ പ്രഖ്യാപിച്ചു. കേരള കത്തോലിക്ക മെത്രാൻസമിതിയുടെ കീഴിൽപ്രവർത്തിക്കുന്ന മാധ്യമക്കമ്മീഷനാണ് എല്ലാവർഷവും ഈ അവാർഡുകൾ നല്കുന്നത്. ഈ വർഷത്തെ സാഹിത്യ അവാർഡിന് അർഹത നേടിയിരിക്കുന്നത് ശ്രീ. വർഗ്ഗീസ് അങ്കമാലിയാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽസ്ഥിരം എഴുത്തുകാരനായിരിക്കുന്ന ശ്രീ. വർഗ്ഗീസ് അങ്കമാലിയുടെ കോവിൽ കാളകൾ, അങ്കമാലി രേഖകൾ, ചെങ്കടൽ മുതൽചാവുകടൽവരെ തുടങ്ങിയ കൃതികളെ ആധാരമാക്കിയാണ് പ്രസ്തുത അവാർഡ്. കെ.സി.ബി.സി. മാധ്യമ അവാർഡിന് ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് പ്രശസ്ത സിനിമാസംവിധായകൻ ശ്രീ. ലാൽ ജോസാണ്. ആലുവ പൊന്തിഫിക്കൽ കാർമ്മൽഗിരി സെമിനാരിയിലെ പ്രൊഫസർ റവ. ഡോ. ചാക്കോ പുത്തൻപുരയ്ക്കലിനാണ് ഈ വർഷത്തെ വൈജ്ഞാനിക അവാർഡ്. യുവ എഴുത്തുകാരിലെ ശ്രദ്ധേയനായ എഴുത്തുകാരൻ ശ്രീ അഭിലാഷ് ഫ്രേസറിനാണ് ഈ വർഷത്തെ യുവപ്രതിഭാ അവാർഡ്. കൂടാതെ റവ. ഫാ. ജോസഫ് നെച്ചിക്കാട്ട്, റവ. ഫാ. മൈക്കിൾപനയ്ക്കൽ, റവ. ഡോ. തരകൻ ആന്നിയിൽ, പ്രൊഫ. പി.സി. തോമസ്, ഡോ. ജാൻസി ജെയിംസ് തുടങ്ങിയവർക്ക് ഗുരുപൂജാ പുരസ്കാരവും നല്കി ആദരിക്കുന്നുണ്ട്.

### അവാർഡുകൾ

| | |
|---|---|
| 1. കെ.സി.ബി.സി മാധ്യമ അവാർഡ് | -**ശ്രീ ലാൽ ജോസ്** (സിനിമ സംവിധായകൻ) |
| 2. കെ.സി.ബി.സി. സാഹിത്യ അവാർഡ് | -**ശ്രീ. വർഗ്ഗീസ് അങ്കമാലി** |
| 3. വൈജ്ഞാനിക അവാർഡ് | - **റവ. ഡോ. ചാക്കോ പുത്തൻപുരയ്ൽ** |
| 4. യുവപ്രതിഭ അവാർഡ് | - **ശ്രീ. അഭിലാഷ് ഫ്രേസർ** |
| 5. ഗുരുപൂജ പുരസ്കാരം: | 1. **റവ. ഡോ. തരകൻ ആന്നിയിൽ** |
| | 2. **പ്രൊഫ. പി.സി. തോമസ്** |
| | 3. **റവ. ഫാ. ജോ സഫ് നെച്ചിക്കാട്ട്** |
| | 4. **ഡോ. ജാൻസി ജെയിംസ്** |
| | 5. **റവ. ഫാ. മൈക്കിൾ പനയ്ക്കൽ** |



കെ.സി.ബി.സി. മാധ്യമക്കമ്മീഷൻ ചെയർമാൻ ബിഷപ്പ് റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻതെക്കെതേച്ചേരിൽ പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, റവ. ഡോ. പോൾ തേലക്കാട്ട്, റവ. ഫാ. വിബിൻ സേവ്യർ ഡോ. എബ്രഹാം ജോസഫ് എന്നിവരടങ്ങുന്ന ജഡ്ജിംഗ് കമ്മിറ്റിയാണ് അവാർഡുകൾ നിശ്ചയിച്ചത്.

മാധ്യമദിനമായ 2015 ജൂൺ 07, ഞായറാഴ്ച വൈകുന്നേരം 5.00-ന് പി.ഒ.സി. ഓഡിറ്റോറിയത്തിൽ വച്ച് മാധ്യമക്കമ്മീഷൻ ചെയർമാൻഅവാർഡുകൾസമ്മാനിക്കും.


Sri. Varghese Ankamaly


Rev. Dr. Chacko Puthenpurackal


Sri. Lal Jose


Sri. Abhilash Fraizer


Rev. Fr. Michael Panackal


Prof. P.C. Thomas


Rev. Dr. Tharakan Anniyil


Rev. Fr. Joseph Nechikatt


Dr. Jancy James

**Fr. Jolly Vadakken**
**Secretary, KCBC Media Commission, POC**

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച് 2015**

01 തൂക്കുപാലം ഇടവകാതിർത്തിയിൽ രാമക്കൽമേട് എന്ന സ്ഥലത്ത് പുതിയതായി നിർമ്മിച്ച പരി. മാതാവിന്റെ നാമത്തിലുള്ള കുരിശു പള്ളി വെഞ്ചരിച്ചു.

03 തങ്കമണി ഇടവകയിൽ ബഹു. തോമസ് തൈച്ചേരി അച്ചന്റെ വത്സല പിതാവിന്റെ സംസ്ക്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04 ഊന്നുകല്ല് എസ്.എം.എസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. അഞ്ജലിയുടെ മൃതസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

06 രാജമുടി മാർ സ്ലീവാ കോളേജിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

* വാഴത്തോപ്പ് സെന്റ് ജോർജ്ജ് കത്തീഡ്രലിൽ ദൈവാലയ കൂദാശയുടെയും ഇടവകയുടെ വജ്ര ജൂബിലിയുടെയും സ്മരണിക പ്രകാശനം ചെയ്തു.

07 മുരിക്കാശ്ശേരി പാരിഷ്ഹാളിൽ വനിതാ ദിനത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

10 കൂടല്ലൂർ സെന്റ് ജോസഫ്സ് യു.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

12 നെല്ലിപ്പാറ സെന്റ് ഫ്രാൻസീസ് സേവ്യർ സ്കൂളിൽ സി. മേരി ജേക്കബ് സി.എം.സി യുടെ യാത്രയയപ്പു സമ്മേളനത്തിലും വാർഷികാഘോഷങ്ങളിലും പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.



17 കാമാക്ഷി പള്ളിയിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകുകയും സിമിത്തേരി, പാരിഷ് ഹാൾ, കൽക്കുരിശ് എന്നിവയുടെ വെഞ്ചരിപ്പ് നടത്തുകയും ചെയ്തു.

18 പാണ്ടിപ്പാറ പള്ളിയിൽ മാർ യൗസേപ്പു പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

19 എല്ലക്കൽ എം.എസ്.ജെ കോൺവെന്റിന്റെ നവീകരിച്ച ചാപ്പൽ വെഞ്ചരിക്കുകയും ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

20 വാഴത്തോപ്പ് സെന്റ് ജോർജ്ജ് സ്കൂളിൽ വച്ച് നടത്തപ്പെട്ട അധ്യാപക-അനധ്യാപകരുടെ റിട്ടയർമെന്റ് സമ്മേളനവും അവാർഡ്ദാനച്ചടങ്ങും ഉദ്ഘാടനം ചെയ്തു.

* മച്ചിപ്ലാവിൽ കാർമ്മൽജ്യോതി-അമൽജ്യോതി സ്പെഷ്യൽ സ്കൂളുകളുടെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

21-22 ആനക്കുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

24 ശാന്തിഗ്രാം പള്ളിയിൽ ബഹു. തോമസ് നെച്ചുകാട്ട് അച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25 പണിക്കൻകുടി പള്ളിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന സ്നേഹോത്സവത്തിന്റെ സമാപനത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

28 വാഴത്തോപ്പ് കത്തീഡ്രലിൽ രൂപതാ വൈദിക വിദ്യാർത്ഥികൾക്ക് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന എന്നീ പട്ടങ്ങൾ യഥാക്രമം നൽകി.

29 വാഴത്തോപ്പ് കത്തീഡ്രലിൽ ഓശാന ഞായറിന്റെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

31 ബിഷപ്സ് ഹൗസിൽ നടത്തപ്പെട്ട പ്രസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.



# BISHOP'S ENGAGEMENTS

**April 2015**

| Place | Programme | Time |
|---|---|---|
| 02-05 Vazhathoppu | | |
| 07 20 Acre-Kattappana | FSD Vestition | |
| 09 Pandippara | | |
| 11 POC | | |
| 12 Kanchiyar | | |
| 14 Alwaye | | |
| 15 Vazhappally | | |
| 16 Vazhathoppu | SABS Vestition | |
| 17 Vellayamkudy | | |
| 18 Minor Seminary | | |
| 19 Santhigram | | |
| 20 Rajakumary | SH Convent Blessing | |
| 21 Adimaly | Study Forum | |
| 22 Erattayar | Study Forum | |
| 23 Rajakkad | | |
| * Nellippara | | |
| 24 Vazhathoppu | | |
| 25-26 Mankulam | Pastoral Visit | |
| 27 Rajamudy | | |
| 28 Vazhathoppu | CMC Vestititon | |
| 30 Ezhukumvayal-Kuzhikkanam | Church Consecration | |